പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.511    22.07.2010-ൽ മറുപടിക്കുള്ളത്

വനിതാ വ്യവസായ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീമതി.കെ.കെ.ലതിക,<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എളമരം കരീം<br>(ബഹു. വ്യവസായ വകുപ്പ് മന്ത്രി) |

---

| | |
| --- | --- |
| (എ) വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻമണി ഗ്രാന്റും നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുന്നതിന് 2009-10 വർഷം മുതൽ വിമൻസ് ഇൻഡസ്ട്രീസ് സ്കീം എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം മാനേജ്മെന്റിനും വിപണനത്തിനും ആവശ്യമായ ശേഷി വികസനത്തിനുള്ള 20 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം കൊടുക്കുക, പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുക, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിപണന സഹായം നൽകുക എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 20% പരമാവധി 3 ലക്ഷം രൂപ വരെ സർക്കാർ മാർജിൻ മണി ഗ്രാന്റായും 70% ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായും 10% ഗുണഭോക്തൃ വിഹിതമായുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |

| | |
|---|---|
| (ബി) ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (ബി) വനിതാ സംരംഭകർക്ക് വിപണന സഹായത്തിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം പ്രകാരം താഴെപറയുന്ന ആവശ്യങ്ങൾക്ക് ധനസഹായം നൽകി വരുന്നു.<br>1. ബി.ഐ.എസ്സ്/അഗ്മാർക്ക് സർട്ടിഫിക്കറ്റ്.<br>2. ഉൽപ്പന്നത്തിന് പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുക.<br>3. മാദ്ധ്യമങ്ങളിൽകൂടി പരസ്യങ്ങൾ നൽകുക.<br>4. പരസ്യ ബോർഡുകൾ സ്ഥാപിക്കുക.<br>5. ദേശീയ പ്രാദേശിക പ്രദർശനത്തിന് പങ്കെടുക്കുക. |
| (സി) കഴിഞ്ഞ വർഷം വനിതാ സംരംഭകർ എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. | (സി) കഴിഞ്ഞ വർഷം വനിതാ സംരംഭകർ 2832 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി വിഹിതമായി പിരിച്ചെടുക്കുന്ന ഓഹരി മൂലധനത്തിന്റെ 6 ഇരട്ടി പരമാവധി ഒരു സംഘത്തിന് 3.50 ലക്ഷം രൂപ സർക്കാർ ഓഹരി വിഹിതമായും മെഷിനറി വാങ്ങുന്നതിന് ചെലവാകുന്ന തുകയുടെ 50% പരമാവധി 25,000/- രൂപയും ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 512 — 22.07.2010-ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന ജല അതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(എ) അതോറിറ്റിയുടെ ശാക്തീകരണത്തിനായി അതോറിറ്റി ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള പത്തംഗ കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു.

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റ് ജീവനക്കാരുടെ പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ ഘടനയും പ്രവർത്തന രീതിയും സംബന്ധിച്ച് എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നല്കിയത് ;

(ബി) കേരള വാട്ടർ അതോറിറ്റി സെക്രട്ടറി ചെയർമാനായും 3 സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയാണ് രൂപീകരിച്ചത് . കമ്മിറ്റിയ്ക്ക് ജിക്ക (JICA) കൺസൾട്ടന്റ് പ്രതിനിധിയുടെ സഹായവും ലഭ്യമാക്കിയിട്ടുണ്ട്.

മാനേജിംഗ് ഡയറക്ടർ, ടെക്നിക്കൽ മെമ്പർ, അക്കൗണ്ട്സ് മെമ്പർ, 5 ചീഫ് എൻജിനീയർമാർ, ഫിനാൻസ് മാനേജർമാർ എന്നിവർ

ഉൾപ്പെട്ട ഒരു ഉപദേശക സമിതി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

| | | | |
|---|---|---|---|
| (സി) | ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ പ്രസ്തുത സംവിധാനത്തിലൂടെ സാദ്ധ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ; | (സി) | പ്രസ്തുത സംവിധാനത്തിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ഇതിനകം സാധ്യമായിട്ടുണ്ട്.<br>1. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി ഇതിനായി പതിനാല് പ്രോജക്ട് ഡിവിഷനുകൾ നിലവിൽ കൊണ്ടു വന്നു. അതോറിറ്റി നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും 14 പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കുകയും ചെയ്തിട്ടുണ്ട്.<br>2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.<br>3. പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി<br>5. ഉപഭോക്താക്കൾക്ക് സഹായം നൽകുന്നതിലേക്കായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു.<br>6. അറ്റകുറ്റ പണികൾ കാലതാമസം കൂടാതെ ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ബ്ളു ബ്രിഗേഡ് സംവിധാനം ആരംഭിച്ചു.<br>7. ഇ-ടെണ്ടറിംഗും ഇ-പെയ്മെന്റും നടപ്പാക്കി |
| (ഡി) | വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത | (ഡി) | വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ വിഭാവനം ചെയ്ത സ്പാൻ പദ്ധതി അടക്കമുള്ള |

സംവിധാനം സഹായിക്കുന്നു എന്ന് വിശദമാക്കുമോ;

എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു.

(ഇ) ഇതിനു പുറമെ കെ.ഡബ്ല്യു.എ യുടെ ശാക്തീകരണത്തിനായി ജില്ലാ തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ?

(ഇ) ശാക്തീകരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാനും നിർദ്ദേശങ്ങൾ സ്വീകരിക്കാനും നിരവധി ജില്ലാതല വർക്ക് ഷോപ്പുകൾ നടത്തുകയും അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തുന്നതിനുള്ള അസ്സറ്റ് മാനേജ്മെന്റ് നടപ്പാക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചെയർമാൻമാരാക്കി ജില്ലാ തലത്തിൽ സർക്കിൾ തല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.513 — 22-07-2010-ൽ മറുപടിക്ക്

## പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ

**ചോദ്യം**

ശ്രീ.ബാബുപോൾ
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.രാജാജി മാത്യു തോമസ്
ശ്രീ.കെ.അജിത്

**മറുപടി**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പോസ്റ്റ്ബേസിക് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. സർക്കാർ മേഖലയിൽ തിരുവനന്തപുരം നഴ്സിംഗ് കോളേജ്, കോഴിക്കോട് നഴ്സിംഗ് സ്കൂൾ, സി-മെറ്റിന്റെ കീഴിൽ തൃപ്പൂണിത്തുറ, മുണ്ടൂർ എന്നിവിടങ്ങളിലും കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിന് പുറമെ സ്വകാര്യ സ്വാശ്രയ കോളേജുകളിലും പോസ്റ്റ് ബേസിക് കോഴ്സിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഈ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) | രണ്ട് വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. |
| സി) | ജനറൽ നഴ്സിംഗ് പാസ്സായവർക്ക് ബി.എസ്.സി. നഴ്സിംഗിന് തുല്യമായ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | സി) | ജനറൽ നഴ്സിംഗ് പാസ്സായവർ 2 വർഷത്തെ പോസ്റ്റ് ബേസിക് കോഴ്സ് പാസ്സായാൽ ബി.എസ്.സി. നഴ്സിംഗിന് തുല്യമാകും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.514

22.7.2010ൽ മറുപടിയ്ക്ക്

വൃദ്ധനയം

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃദ്ധനയം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | 5.12.2006ലെ ജി.ഒ(എം.എസ്) നം.39/2006/സാക്ഷേവ പ്രകാരം സംസ്ഥാന വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൃദ്ധരുടെ ക്ഷേമത്തിനായി ഇതിനകം കൈക്കൊണ്ട ക്ഷേമ പദ്ധതികൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കു വേണ്ടി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാർ ഓൾഡ് ഏജ് ഹോമുകളോടനുബന്ധിച്ച് എട്ട് ഡേ കെയർ സെൻററുകൾ അനുവദിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ നടത്തി വരുന്ന ഓൾഡ് ഏജ് ഹോമുകൾക്ക് സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നു. ഇത്തരം 154 വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ ഗ്രാൻറ് നൽകി വരുന്നത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന വയോജന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 30-4-2008-ലെ സ.ഉ(സാധാ)210/2008/സാക്ഷേവ പ്രകാരം വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച് കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>വൃദ്ധജന സംരക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് സംസ്ഥാനത്ത് സോഷ്യൽ സെക്യൂരിറ്റി മിഷൻ ആരംഭിച്ചിട്ടുണ്ട്.<br>വൃദ്ധജനങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി തിരുവനന്തപുരം ചാക്കയിൽ പ്രവർത്തിക്കുന്ന കെയർ ഹോം, തിരുവനന്തപുരം പുലയനാർകോട്ടയിൽ 2.85 ഏക്കർ സ്ഥലത്ത് ആധുനിക രീതിയിൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും, ഡേ കെയർ സെൻററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | (സി) | വൃദ്ധരുടെ ക്ഷേമത്തിനായി ഭാവിയിൽ കൈക്കൊള്ളുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ വയോജന നയത്തിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മതിയായ വാർദ്ധക്യകാല പെൻഷൻ, ക്ഷേമനിധി പദ്ധതികൾ, യാത്രക്കൂലിയിൽ ഇളവ്, യാത്ര- |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് പ്രത്യേക സൗകര്യങ്ങൾ, തൊഴിലെടുക്കുവാൻ കഴിവുള്ളവർക്ക് പ്രത്യേക സഹായങ്ങൾ, സുരക്ഷിതമായ നിക്ഷേപ പദ്ധതികൾ, വൃദ്ധർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മാതാപിതാക്കൾക്ക് വാർദ്ധക്യകാലത്ത് മക്കളുടെ സംരക്ഷണം ഉറപ്പാക്കൽ എന്നിവ സർക്കാർ അംഗീകരിച്ച വൃദ്ധനയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.<br>ആരോഗ്യമേഖലയിൽ ആരോഗ്യ ഇൻഷ്വറൻസ്, ആശുപത്രികളിൽ ജറന്റോളജി ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ജറന്റോളജി, ജറിയാട്രി എന്നിവയിൽ പ്രത്യേക ഇൻസർവ്വീസ് പരിശീലനം, പ്രധാന ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണം, ലഭ്യത ഉറപ്പാക്കൽ, സ്വകാര്യ ചികിത്സാ മേഖലയിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരണം, ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ, പോഷകാഹാരം ലഭ്യമാക്കൽ, വൃദ്ധർക്ക് പ്രത്യേക ആരോഗ്യ സുരക്ഷാ പാക്കേജ്, ലഘു വ്യായാമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വൃദ്ധരുടെ ചികിത്സാ രംഗത്ത് ബഹുജന സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയൊക്കെ വയോജന നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. നഗര പ്രദേശങ്ങളിൽ വൃദ്ധർക്കായി ഹെൽപ്പ്ലൈൻ ഏർപ്പെടുത്തുന്നതാണ്. കൗൺസിലിംഗ് സൗകര്യങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം നൽകും.<br>വൃദ്ധർക്ക് നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസും ജുഡീഷ്യറിയും |

<table>
<tr><td></td><td></td><td></td><td>പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. വൃദ്ധർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>വൃദ്ധരുടെതായ എത്ര പരാതികളിൽ പരിഹാരം കണ്ടുവെന്നറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>വൃദ്ധരുടേതായ 178 പരാതികളിൽ പരിഹാരം കണ്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th>ജില്ല</th><th>ലഭിച്ചിട്ടുള്ള പരാതികൾ</th><th>തീർപ്പാക്കിയവ/ നടപടി പൂർത്തിയാക്കിയവ</th></tr>
<tr><td>തിരുവനന്തപുരം</td><td>117</td><td>13</td></tr>
<tr><td>കൊല്ലം</td><td>172</td><td>21</td></tr>
<tr><td>ആലപ്പുഴ</td><td>ലഭിച്ചിട്ടില്ല</td><td>-</td></tr>
<tr><td>പത്തനംതിട്ട</td><td>34</td><td>3</td></tr>
<tr><td>കോട്ടയം</td><td>36</td><td>6</td></tr>
<tr><td>എറണാകുളം</td><td>71</td><td>17</td></tr>
<tr><td>തൃശ്ശൂർ</td><td>140</td><td>40</td></tr>
<tr><td>ഇടുക്കി</td><td>21</td><td>10</td></tr>
<tr><td>പാലക്കാട്</td><td>7</td><td>3</td></tr>
<tr><td>കോഴിക്കോട്</td><td>37</td><td>23</td></tr>
<tr><td>മലപ്പുറം</td><td>20</td><td>3</td></tr>
<tr><td>കണ്ണൂർ</td><td>30</td><td>10</td></tr>
<tr><td>വയനാട്</td><td>54</td><td>29</td></tr>
<tr><td>കാസർഗോഡ്</td><td>7</td><td>-</td></tr>
<tr><td>ആകെ</td><td></td><td>178</td></tr>
</table></td></tr>
</table>

R. Vijayaly

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 515 | 22.07.2010 ൽ മറുപടിക്ക്

## ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. പി.സി. ജോർജ്ജ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന് കീഴിൽ ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 1. Kerala Minerals & Metals Ltd, Travancore Titanium Products Ltd ,<br>2. Malabar Cements Ltd, Travancore Cements Ltd,<br>3. Kerala Ceramics Ltd, Kerala Clays & Ceramic Products Ltd<br>4. Electrical sector-ന്റെ കീഴിൽ വരുന്ന കെൽ (കാസർകോട് യൂണിറ്റ് ഒഴികെ), യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് , ട്രാക്കോ കേബിൾ എന്നിവ.<br>5. The Malappuram Co-operative Spinning Mills Ltd<br>The Quilon Co-operative Spinning Mills Ltd<br>The Cannannore Co-op.Spinning Mills Ltd<br>The Trichur Co-operative Spinning Mills Ltd.<br>Alleppey Co-operative Spinning Mills<br>Units under KSTC - Prabhuram Mills, Edarikode Textiles, MSWM, Kottayam Textiles, Trivandrum Spinning Mills, Sitaram Textiles Ltd.<br>6. കരകൗശല വസ്തുക്കളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന Handicrafts Development Corporation Ltd, Kerala Artisans Development Corporation Ltd.<br>7. കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന HANVEEV, HANTEX |
| (ബി) ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (ബി) ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പരസ്പര സഹകരണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ; | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. Textile sector - ന് കീഴിലുള്ള എല്ലാ മില്ലുകൾക്കും ആവശ്യമായ പരുത്തി ലഭ്യമാക്കുന്നതിനുവേണ്ടി ഒരു centralized cotton purchase committee രൂപീകരിച്ചു. Cotton സംഭരിക്കുന്നതിനുള്ള ധനസഹായത്തിനായി 12 കോടി രൂപയുടെ സർക്കാർ സഹായത്തോടെ Corpus Fund രൂപീകരിച്ച് ധനസഹായം നൽകി വരുന്നു. KSTC യുടെ അധീനതയിൽ യൂണിറ്റികളുടെയും TEXFED-ന്റെ കീഴിലുള്ള മില്ലുകളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ട്. Kerala State Electronics Dev. Corporation Ltd. ന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ പരസ്പരം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം സ്ഥാപനങ്ങളുടെ ലയനം സംബന്ധിച്ച് സർക്കാരിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) Kerala State Industrial Products Trading Corporation Ltd നെ Travancore Titanium Products Ltd-മായി ലയിപ്പിക്കാനുള്ള തീരുമാനമായിട്ടുണ്ട്. Sitaram Textiles.and Trivandrum Spinning Millsഎന്നീ സ്ഥാപനങ്ങളെ kerala State Textiles Corporation Ltd-ന്റെ യൂണിറ്റുകളാക്കി മാറ്റി. Keltron Magnetics Ltd, Keltron Crystals Ltd and Keltron Resistors Ltd എന്നീ സ്ഥാപനങ്ങളെ Keltron Component Complex Ltd മായി ലയിപ്പിച്ചു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl.No. | Company |
|---|---|
| 1 | Kerala Minerals and Metals Ltd |
| 2 | Travancore Titanium Products Ltd |
| 3 | Travancore-Cochin Chemicals Ltd |
| 4 | Malabar Cements Ltd |
| 5 | Travancore Cements Ltd |
| 6 | Alleppey Co-operative Spinning Mills |
| 7 | Kerala State Textile Corporation Ltd |
| 8 | Trichur Co-operative Spinning Mills Ltd |
| 9 | Traco Cable Company Ltd |
| 10 | Kerala Electrical & Allied Engineering Company Ltd. |
| 11 | United Electrical Industries Ltd. |
| 12 | Kerala Clays & Ceramic Products Ltd. |
| 13 | Kerala Ceramics Ltd |
| 14 | Handicrafts Dev Corporation (Kerala) Ltd |
| 15 | Kerala Artisans Development Corporation Ltd |
| 16 | Keltron Component Complex Ltd |
| 17 | Kerala State Handloom Development Corporation Ltd |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 516 — 22.07.2010 - ൽ മറുപടിയ്ക്ക്

## ജലവിഭവ സംരക്ഷണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം ;<br>ശ്രീ.എ.എം.ആരിഫ് ;<br>ശ്രീ.ബി.ഡി.ദേവസ്സി ;<br>ശ്രീ.കെ.കെ.ജയചന്ദ്രൻ ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) ജലവിഭവ സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ ജല സംരക്ഷണത്തിനായി ചീഫ് എൻജിനീയർ (ഐ&എ) യുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

1. പ്രധാന ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം
2. പ്രധാന ജലപ്രവാഹങ്ങളിൽ ഓരുവെള്ളം കയറാതെ സംരക്ഷിക്കുന്നതിനായി സ്ഥിരം ബണ്ടുകളുടെയും താൽക്കാലിക ബണ്ടുകളുടേയും നിർമ്മാണം.
3. നദികളിലെയും ഉറവകളിലെയും ജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ ശാലകളിലെ മാലിന്യം ജലസ്രോതസ്സുകളിലേയ്ക്ക് പുറം തള്ളുന്നതിലുള്ള നിയന്ത്രണം.
4. കേരള ജലസേചന ജല സംരക്ഷണ നിയമവും സംസ്ഥാന ജലനയവും രൂപീകരിച്ചിട്ടുള്ളത് ജലസ്രോതസുകളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ളതാണ്.

ഇതുകൂടാതെ 2003-ലെ ജലസേചന ജലസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തി സംസ്ഥാന നദീതട തണ്ണീർതട അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പിനുകീഴിൽ രണ്ടുപദ്ധതികളുണ്ട്.

1) ഭൂജലസംരക്ഷണത്തിനും കൃത്രിമസംഭരിക്കലിനുമുള്ള പദ്ധതി.
2) ഭൂജല നിയന്ത്രണത്തിനും ക്രമീകരണത്തിനുമുള്ള പദ്ധതി.

സംസ്ഥാനത്ത് ജലശോഷണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തടയണകൾ, അടിയണകൾ, മഴക്കുഴികൾ, കിണർ റിചാർജ്ജിംഗ് സ്ട്രക്ച്ചറുകൾ എന്നിവ നിർമ്മിച്ച് ഈ പ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള പദ്ധതിയാണ് ഇതിൽ

| | | |
|---|---|---|
| | | ആദ്യപദ്ധതി സംസ്ഥാനത്തെ അമിതജല ചൂഷണം നടക്കുന്ന പ്രദേശങ്ങളിൽ അത് ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ഭൂജല നിയന്ത്രണത്തിനും ക്രമീകരണത്തിനുമുള്ള പദ്ധതി.<br>ജലവിഭവ സംരക്ഷണത്തിനായി ചീഫ് എൻജിനീയർ പ്രോജക്ട് 1-നു കീഴിൽ ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി മുഖാന്തിരം 24.46Mm3 ജലം സംഭരിച്ച് ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്നതുകൂടാതെ ഉപ്പുവെള്ളം പുഴയിലേക്ക് കയറുന്നത് തടയുന്നതിനും ഉദ്ദേശിക്കുന്നു.<br>ജലസംരക്ഷണത്തിനും, ജലവിനിയോഗത്തിനുമായി ജലനിധിയുടെ കീഴിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജല സുരക്ഷാ പദ്ധതി. |
| ബി) | ഇതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) | ജലസുരക്ഷാ പദ്ധതിയുടെ വിജയത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | സി) ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സംവിധാനം രൂപീകരിക്കുകയുണ്ടായി. ഇതനുസരിച്ച് കോഴിക്കോട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ജലസേചന ഡിവിഷൻ ഓഫീസുകൾ ജലസുരക്ഷാ പദ്ധതിയുടെ ജില്ലാതല ഓഫീസുകളായി പ്രവർത്തിച്ചുവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഭൂജലവകുപ്പ് ജില്ലാ ഓഫീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജലനിധി, സി.സി.ഡി.യു. എന്നീ ഏജൻസികളുടെ നേതൃത്വത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ജല സുരക്ഷാ പദ്ധതിയുടെ വിജയത്തിനായി നടത്തിയിട്ടുണ്ട്.<br>1) ജലസുരക്ഷാ ആശയ രൂപീകരണ ആലോചന ശില്പശാല സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചു.<br>2) നിയമസഭാ സാമാജികർക്കുവേണ്ടിയുള്ള ജലസുരക്ഷാ സമീപന രേഖയുടെ വിശദീകരണ ശില്പശാല സംഘടിപ്പിച്ചു.<br>3) ജലസുരക്ഷാ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ ചേലക്കര നിയോജക മണ്ഡലത്തിൽ വച്ച് നടത്തി.<br>4) ജലം, വനം,കൃഷി തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നുള്ള നോഡൽ ഓഫീസർമാർക്കു വേണ്ടിയുള്ള പരിശീലന ശില്പശാല സംഘടിപ്പിച്ചു |

5) ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കുമായുള്ള അർദ്ധ ദിന ബോധവൽക്കരണ ശില്പശാല, പഞ്ചായത്ത് തല ബോധവൽക്കരണ ശില്പശാലകൾ (9 എണ്ണം) എന്നിവ സംഘടിപ്പിച്ചു.
6) പഞ്ചായത്ത്തല കോർ ടീമുകൾ രൂപീകരിച്ചു.
7) തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ പങ്കാളിത്ത പഠനരീതിയിലൂടെ വിവരശേഖരണവും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കലും നടത്തി.
8) ജലഗുണനിലവാര നിർണ്ണയ ക്യാമ്പുകൾ 9 എണ്ണം സംഘടിപ്പിച്ചു.
9) ജലസുരക്ഷാ സംസ്ഥാന/ജില്ലാതല സ്ഥാപന സംവിധാനത്തിന്റെ രൂപീകരണം നടത്തി.
10) ജലസുരക്ഷാ സമീപന രേഖ കൈപുസ്തകം പ്രസിദ്ധീകരിച്ചു.
11) ജലസരുക്ഷാ മാർഗ്ഗനിർദ്ദേശ കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു.
12) ജലസുരക്ഷാ ഡോക്യുമെന്ററി തയ്യാറാക്കി
13) ജില്ലാതല പ്രതിമാസ റിവ്യൂ മീറ്റിംഗ് 5 എണ്ണം സംഘടിപ്പിച്ചു.
14) ഭൂജല സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ 200 കിണറുകൾ റീചാർജ് ചെയ്തു.
15) വനംവകുപ്പിന്റെ നേതൃത്വത്തിൽ 14 ചെക്ഡാമുകൾക്ക് AS/TS ലഭിച്ചു. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.
16) ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ NREGS തുക ഉപയോഗിച്ച് വാഴാനി കനാലിന്റെ 46 കി.മീ.ദൂരം വൃത്തിയാക്കി.

| | |
|---|---|
| ഡി) ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച തടഞ്ഞ് കാര്യക്ഷമത വർദ്ധിപ്പിക്കാൻ കർഷക പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുമോ ; | ഡി) കർഷക പങ്കാളിത്തത്തോടെ ജലസേചന പദ്ധതികളിൽ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ കനാലുകൾ കേന്ദ്രീകരിച്ച് പങ്കാളിത്ത ജലസേചന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇങ്ങനെ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചോർച്ച തടയുന്നതിനും കർഷക പങ്കാളിത്തത്തോടെ പ്രവർത്തികൾ നടത്തിവരുന്നു.<br><br>ജലവിനിയോഗത്തിന്റെയും സംരക്ഷണ പ്രവർത്തനങ്ങളുടേയും കാര്യക്ഷമതയ്ക്ക് വേണ്ടി ആരംഭിച്ചിരിക്കുന്ന ജലസുരക്ഷാ പരിപാടി ജലസംഭരണികളുടേയും ജലസേചന കനാലുകളുടേയും അറ്റകുറ്റപ്പണികൾക്കും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവസരമൊരുക്കുന്നതാണ്. കർഷകസമിതികളുടെ സഹകരണത്തോടെ പ്രസ്തുത പരിപാടികൾ |

| | | |
|---|---|---|
| | | ഏറ്റെടുക്കേണ്ടതാണെന്ന് ജലസുരക്ഷപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം പരിപാടികൾ ജലസുരക്ഷാ പദ്ധതിയിലൂടെ വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ) ദേശീയ തൊഴിലുറപ്പു പദ്ധതി കേരളത്തിലെ എല്ലാ പദ്ധതികളിലും കനാലുകളുടെ ശുചീകരണത്തിനും മറ്റുമായി പ്രയോജനപ്പെടുത്തുന്നുണ്ട്. മാത്രവുമല്ല ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളായ ചെക്ഡാം നിർമ്മാണം, ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണികൾ, കിണറുകളുടെ റീചാർജ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 517 : 22/07/2010-ൽ മറുപടിക്ക്

വ്യവസായ ക്ലസ്റ്റർ വികസന പരിപാടി

ചോദ്യം

ഉത്തരം

ശ്രീ. എ.എം.യൂസഫ്

ശ്രീ. പി. വിശ്വൻ

ശ്രീ. വി.എൻ. വാസവൻ

ശ്രീ.രാജു എബ്രഹാം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ വകുപ്പ് ആവിഷ്കരിച്ച വ്യവസായ ക്ലസ്റ്റർ വികസന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സമാനമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നവരും ഒരേ സ്ഥലത്തുള്ളവരുമായ വ്യവസായ സംരംഭകരെ ഒന്നിച്ചുകൊണ്ടുവരാനും അവർക്ക് പൊതുവായ സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി വിവിധ വ്യവസായ മേഖലകളിൽ വ്യവസായ ക്ളസ്റ്ററുകൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>കേന്ദ്ര സർക്കാരിന്റെ എം എസ് എം ഇ മന്ത്രാലയത്തിന്റെ MSE-CDPപ്രകാരമുള്ള ക്ളസ്റ്റർ വികസന പദ്ധതികൾ 2002 മുതലാണ് കേരള സർക്കാർ നടപ്പിലാക്കി തുടങ്ങിയത്. ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണമാണ് സിഡിപി (ക്ലസ്റ്റർ വികസന പരിപാടി) കൊണ്ട് ഉദ്ദേശിക്കുന്നത്. ഉല്പാദന ചെലവ് കുറച്ച് കൊണ്ടുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾക്കാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. കോമൺ ഫെസിലിറ്റി സെന്റർ(CFC), റിസർച്ച് ആന്റ് ഡവലപ്മെന്റ്, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | വിവിധ മേഖലകളിലായി ഇതിനകം എത്ര ക്ലസ്റ്ററുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്; ക്ലസ്റ്റർ പദ്ധതി മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി | വ്യവസായ വകുപ്പിന്റെ കീഴിൽ 50 ക്ലസ്റ്ററുകളാണ് ഇതിനോടകം വിവിധ മേഖലകളിലായി രജിസ്ററർ ചെയ്തിട്ടുള്ളത്. -സിഡിപി പദ്ധതി പ്രകാരം നടപ്പിൽ വരുത്തുന്ന കോമൺ ഫെസിലിറ്റി സെന്ററിലൂടെ ഇതിന്റെ ഉപഭോക്താക്കൾക്ക് ആധുനിക സാങ്കേതിക വിദ്യയും പരിശീലനവും, ഉല്പാദന ചെലവ് കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ, അസംസ്കൃത സാധനങ്ങളും ഉല്പന്നങ്ങളും സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ, പൊതുവായ ബ്രാൻഡ് നെയിം എന്നീ നേട്ടങ്ങൾ സാധ്യമാകുന്നു. കൂടാതെ ക്ലസ്റ്ററുകളിലെ അംഗങ്ങൾക്ക് പൊതുവായി അസംസ്കൃത സാധനങ്ങൾ വാങ്ങുവാനും സാധിക്കുന്നു. |
| (സി) | പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ധന സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധന സഹായം ലഭിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററുകളിൽ CFC സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നു. താഴെ പറയുന്ന അനുപാതത്തിലാണ് ഗ്രാന്റ് ലഭിക്കുന്നത്.<br><br>കേന്ദ്ര സർക്കാർ - 70%<br>സംസ്ഥാന സർക്കാർ - 20%<br>കൺസോർഷ്യം - 10%<br>വനിതാ ക്ലസ്റ്ററുകൾക്ക് പദ്ധതി ചെലവിന്റെ 90% വരെ ഗ്രാന്റായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. സോഫ്റ്റ് ഇൻന്റർവെൻഷന് വേണ്ടിയും ക്ലസ്റ്ററുകൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി പ്രകാരം ഇതുവരെ ഏതെല്ലാം പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; | (ഡി) | പദ്ധതി പ്രകാരം താഴെ പറയുന്ന ക്ലസ്റ്ററുകളിൽ CFC സ്ഥാപിക്കുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>1. റബ്ബർ ക്ലസ്റ്റർ, ചങ്ങനാശ്ശേരി<br>2. പ്ളാസ്റ്റിക് ക്ളസ്റ്റർ, ആലുവ<br>3. പ്ളൈവുഡ് ക്ളസ്റ്റർ, പെരുമ്പാവൂർ<br>4. ടെറാ ടൈൽ ക്ളസ്റ്റർ, തൃശൂർ<br>5. റൈസ് മില്ലേഴ്സ് ക്ളസ്റ്റർ, കാലടി<br>6. ഫർണിച്ചർ ക്ളസ്റ്റർ, എറണാകുളം<br>7. വുഡ് ക്ളസ്റ്റർ, മലപ്പുറം<br>8. നാച്ച്യുറൽ ഫൈബർ & അലൈഡ് പ്രൊഡക്ട്സ് ക്ളസ്റ്റർ, വൈക്കം<br>9. ഫുഡ് ക്ളസ്റ്റർ, പാലാ<br>10. ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ളസ്റ്റർ, എറണാകുളം<br>11. ഗാർമെന്റ്സ് ക്ളസ്റ്റർ, കൊല്ലം<br>12. വുഡ് ക്ളസ്ററർ, ചടയമംഗലം (Inprinciple approval)<br>മേൽപ്പറഞ്ഞവയിൽ 1 മുതൽ 4 വരെ പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളവ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ഇ) | പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പ് ആവശ്യമായ സഹായങ്ങൾ നൽകുമോ? | (ഇ) | പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 518 | 22.7.2010-ൽ മറുപടിക്ക് |
|---|---|

പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. പി.ടി.എ റഹീം | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ നിലവിലുള്ള കെട്ടിടത്തിൽ സെമിനാർ ഹാൾ ഉണ്ടാക്കി. അതിൽ ആവശ്യമായ ഫർണീച്ചർ എയർകണ്ടീഷണർ മുതലായവ ലഭ്യമാക്കി. എറണാകുളത്തുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ പത്തു ലക്ഷം രൂപ ചെലവാക്കി ഡയഗ്നോസ്റ്റിക് സെക്ഷൻ, ബയോ കെമിസ്ട്രി സെക്ഷൻ, ഓഫീസ് എന്നിവ നവീകരിച്ചു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ലാമിനാർ ഫ്ളോ ക്യാബിനറ്റ്, ബോട്ടിൽ വാഷർ, വാട്ടർ കൂളറുകൾ, ഉയർന്ന കപ്പാസിറ്റിയുള്ള സെൻട്രിഫ്യൂജുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ലഭ്യമാക്കി. എച്ച്1 എൻ1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കുന്നതിന് ആവശ്യമായ റീയേജന്റുകൾ ലഭ്യമാ ക്കുകയും വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉൽപാദിപ്പിച്ച് എല്ലാ ജില്ലകളിലേക്കും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. അസെറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളുടെ റിപ്പയറും നവീകരണവും നടത്തുന്നതിനായി പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കിയ ഏകദേശം ഒരു കോടി രൂപയുടെ · എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| ബി) ഈ വർഷം പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ ലാബുകളിലും ഏതെല്ലാം ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) ഈ വർഷം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേക്കും എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ റീജിയണൽ ലാബുകളിലേക്കും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓട്ടോ അനലൈസർ (ഹെമെറ്റോളജി, ബയോ കെമിസ്ട്രി), മൈക്രോസ്കോപ്പുകൾ, ഹൊറിസോണ്ടൽ ഓട്ടോക്ലേവുകൾ, ഓട്ടോമേറ്റഡ് സെമി ല്യൂമിനന്റ് മെഷീനുകൾ, എലീസാ റീഡർ വിത്ത് വാഷർ, ഡീഫ്രീസറുകൾ, വെർട്ടിക്കൽ ഓട്ടോക്ലേവ് മുതലായവ വാങ്ങുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. |
| സി) പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി കൺട്രോൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ തന്നെ നടത്തുന്നുണ്ട്. എക്സ്റ്റേണൽ ക്വാളിറ്റി കൺട്രോൾ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തി വരുന്നു. |
| ഡി) പരിശോധനാ ഫലങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; | ഡി) ഹോർമോൺ ടെസ്റ്റുകൾ ഒഴികെയുള്ള പരിശോധനാ ഫലങ്ങൾ അതാതു ദിവസം തന്നെ നൽകിവരുന്നു. തൈറോയിഡ് ഹോർമോൺ പരിശോധനാ ഫലം എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) നിലവിലുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ ഏതെല്ലാമാണ് ; | ഇ) നിലവിൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തിച്ചു വരുന്നു |
| എഫ്) പുതുതായി റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എഫ്) ഇപ്പോൾ പരിഗണനയിലില്ല; കണ്ണൂരിൽ ഈ വർഷമാണ് തുടങ്ങിയത് |

| | |
|---|---|
| ജി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ലാബുകളിലെ ക്ലിനിക്കൽ പരിശോധനകൾക്കുള്ള ഫീസ് ഏകീക രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ജി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ്ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചു കൊണ്ട് ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.519 — 22.7.2010ൽ മറുപടിയ്ക്ക്

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡൻറിറ്റി കാർഡ്

ചോദ്യം

ശ്രീ.എ.എ.ഷുക്കൂർ:
ശ്രീ.കെ.ബാബു:
ശ്രീ.പി.സി.വിഷ്ണുനാഥ്:
ശ്രീ.കെ.ശിവദാസൻ നായർ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡൻറിറ്റി കാർഡ് നല്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.; | (എ)യും (ബി)യും | സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷൻ കാർക്കും, തൊഴിൽക്ഷേമ പെൻഷൻ കാർക്കും ബയോമെട്രിക്ക് ഐഡൻറിറ്റി കാർഡ് വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻെറ പ്രാരംഭ ഘട്ടമായി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും ഐഡൻറിറ്റി കാർഡുകൾക്കു വേണ്ട വിവരങ്ങൾ ശേഖരിക്കുകയും കെൽട്രോൺ മുഖേന ഐഡൻറിറ്റി കാർഡിനു വേണ്ട format ൽ കമ്പ്യൂട്ടറിൽ ഫീഡു ചെയ്തു വരുകയും ചെയ്യുന്നു. |
| (ബി) | ഇതിനായി കെൽട്രോണുമായി എന്തെങ്കിലും കരാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ വർഷം ഇതിനായി സംസ്ഥാനത്തൊട്ടാകെ എത്ര ഐഡൻറിറ്റി കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) | ഏകദേശം 12 ലക്ഷം കാർഡുകൾ |
| (ഡി) | ഇതിനായി എന്തു തുക ചെലവിടേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | 540 ലക്ഷം രൂപ |
| (ഇ) | ഇതു വരെ എത്ര പേർക്ക് ഇത്തരം കാർഡുകൾ നല്കാനായി; | (ഇ) | കാർഡുകൾ ആർക്കും നൽകിയിട്ടില്ല. |
| (എഫ്) | സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ഇത്തരം ഐഡൻറിറ്റി കാർഡുകൾ എപ്പോൾ പൂർണ്ണമായും നല്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ? | (എഫ്) | 4 മുതൽ 6 മാസത്തിനുള്ളിൽ ഐഡൻറിറ്റി കാർഡുകൾ പൂർണ്ണമായും നൽകാൻ കഴിയുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം<br>നം. 520 | 22.7.2010-ൽ മറുപടിക്ക് |
|---|---|

## മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ശിവൻകുട്ടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ.കെ.ലതിക | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;<br><br>ബി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | എ) & ബി) തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം -1) |
| സി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാരിന് നൽകിയിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാമാണ്; അതു നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) സംസ്ഥാനത്തെ മാനസികാരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, നിയന്ത്രിക്കുക, വികസിപ്പിക്കുക, മനോരോഗ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക, മനോരോഗ ചികിത്സാരംഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശം നൽകുക, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന രീതിയിൽ മാനസികാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രധാന ഉത്തരവാദിത്വം. ഇതിന്റെ ഭാഗമായി മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മെച്ചപ്പെട്ട പ്രവർത്തന രീതികൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് മെന്റൽ ഹെൽത്ത് |

| | |
|---|---|
| | അതോറിറ്റി സംസ്ഥാന സർക്കാരിന് നൽകി വരുന്നു. ഇത്തരത്തിൽ മെന്റൽ ഹെൽത്ത് അതോറിറ്റി സർക്കാരിന് നൽകുന്ന ശുപാർശകളും മാർഗ്ഗ നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് നടപ്പിലാക്കേണ്ട സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് രൂപീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ട് ചെലവഴിക്കുന്നതിൽ മേൽ നോട്ടവും ഇവ കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കു് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാരിന് നൽകുന്നു. തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും ഉള്ള മാനസികരോഗികളുടെ പുനഃരധിവാസ പ്രവർത്തനങ്ങൾക്കു് മേൽനോട്ടവും വഹിക്കുന്നു. |
| ഡി) രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ഡി) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും രോഗികൾക്കാവശ്യമായ മരുന്ന്, കിടക്ക, വസ്ത്രം എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും ഉള്ള മാനസികരോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് മാനസി കാരോഗ്യ കേന്ദ്രത്തിൽ ഒക്യുപ്പേഷണൽ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| ഇ) താലൂക്ക് ആശുപത്രിതലം മുതൽ മാനസിക രോഗ ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തുമോ ? | ഇ) സംസ്ഥാനത്ത് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതോടെ 13 താലൂക്കാശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ മാനസിക രോഗ ചികിത്സാ സൗകര്യം ഘട്ടം ഘട്ടമായി ഏർപ്പെടുത്തും. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2,72,350/- രൂപയുടെ തുണികൾ, 1,18,440/- രൂപയുടെ കിടക്കകൾ, 88,950/- രൂപയുടെ കട്ടിലുകൾ, 9,33,233/- രൂപയുടെ ആശുപത്രി ഉപകരണങ്ങൾ തുടങ്ങിയ സാധന സാമഗ്രികൾ വാങ്ങി. ആശുപത്രി വികസന സൊസൈറ്റിയുടെ ഫണ്ട് ഉപയോഗിച്ച് രോഗികൾക്ക് വാർഡുകളിൽ ഭക്ഷണ വിതരണത്തിനായി 3,27,082/- രൂപയുടെ ഒരു ഫുഡ് ട്രോളി വാങ്ങി. കേന്ദ്ര സഹായത്തോടുകൂടി 1.75 കോടി രൂപ ചിലവഴിച്ച് പുതിയ ഡി-അഡിക്ഷൻ വാർഡിന്റെ പണി പുരോഗമിക്കുന്നു. പുനരധിവാസ പ്രവർത്തനത്തിന്റെ ഭാഗമായി രോഗശമനം വന്ന രോഗികളെ താമസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പണി കഴിപ്പിച്ച മെയിൽ കെയർ ഹോമിന്റെ പ്രവർത്തനം ആരംഭിക്കുകയും അന്തേവാസികളെ പാർപ്പിക്കുകയും ചെയ്യുന്നു. 70,000/- രൂപ അടങ്കൽതുകയുള്ള വനിതാ വാർഡിന്റെ പണി ഉടൻ ആരംഭിക്കുന്നതാണ്. വനിതാ രോഗികൾക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം അഭയ ഗ്രാമത്തിൽ ഫീമെയിൽ കെയർ ഹോമിന്റെ പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 29 ലക്ഷം രൂപ ചുറ്റുമതിലിനും 17 ലക്ഷം രൂപ ഡ്രൈനേജ് പണികൾക്കും അനുവദിച്ചിട്ടുണ്ട്. അനുവദനീയമായ തസ്തികകൾക്കു പുറമെ 11 സ്റ്റാഫ് നഴ്സുമാരെയും ഒരു ഡോക്ടറെയും ഒരു ലാബ് ടെക്നീഷ്യനെയും ഒരു വനിതാ സെക്യൂരിറ്റിയെയും നിയമിച്ചിട്ടുണ്ട്. ദീർഘകാലമായി ഒഴിഞ്ഞു കിടന്ന ഒക്കുപേഷണൽ തെറാപിസ്റ്റിന്റെ തസ്തിക പി.എസ്.സി മുഖാന്തിരം നികത്തി. രോഗികൾക്കായി ഒരു ലൈബ്രറിയും എല്ലാ വാർഡുകളിലും പ്രഭാത ദിനപ്പത്രം, മാസികകൾ എന്നിവ നൽകി വരുന്നു.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ബിഹേവിയർ ഇന്റൻസീവ് കെയർ യൂണിറ്റ്, സിക് വാർഡ്, ഡി അഡിക്ഷൻ വാർഡ്, പവലിയൻ ടൈപ്പ് ഫോറൻസിക് ലാബ് എന്നീ കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചു. രോഗികൾക്കാവശ്യമായ ബ്രഡ് വിതരണം ചെയ്യുവാൻ വേണ്ടി ബ്രഡ് മേക്കിംഗ് യൂണിറ്റ്, ആരംഭിച്ചു. രോഗികൾക്ക് വിശ്രമത്തി നായി ഒരു പാർക്കും നിർമ്മിച്ചിട്ടുണ്ട്. ടിവി, റേഡിയോ, പത്രം എന്നിവ എല്ലാ വാർഡുകളിലും ലഭ്യമാണ്. അടുക്കള നവീകരണത്തിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റും സ്റ്റീമറും സ്ഥാപിച്ചിട്ടുണ്ട്. ഒ.പി രജിസ്ട്രേഷൻ, ഐ.പി. രജിസ്ട്രേഷൻ, റെക്കോർഡ് ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി കുഴൽ കിണറുകൾ കുഴിച്ച്, രോഗികൾക്ക് ആവശ്യാനുസരണം വെള്ളം ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകളും ഉപകരണങ്ങളും സാധന സാമഗ്രികളും വസ്ത്രങ്ങളും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികളുടെ മാനസിക വളർച്ചയ്ക്ക് വേണ്ടി ഒക്യുപേഷൻ തെറാപ്പിയും റീഹാബിലിറ്റേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൃഷി, ആടു വളർത്തൽ, പന്നി വളർത്തൽ സോപ്പ്, സോപ്പുപൊടി, മെഴുകുതിരി, പ്ലാസ്റ്റിക് പൂക്കൾ എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ പേവാർഡ്, ഫോറൻസിക് ലാബ്, പുതുക്കിയ നാലാം വാർഡ്, അഞ്ചാം വാർഡിന്റെ എക്സ്റ്റൻഷൻ ബ്ലോക്ക്, പുതിയ ലാബ് കെട്ടിടം, ആർ.എം.ഒ ക്വാർട്ടേഴ്സ്, പാർക്കിംഗ് സ്ഥലം, ഇന്റൻസീവ്

ബിഹേവിയർ കെയർ യൂണിറ്റ്, ഒ.പി യിൽ ഫാർമസിയുടെ കെട്ടിടം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി. ഒക്യുപ്പേഷണൽ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിന് 1.92 ലക്ഷം രൂപയുടെ നാഷണൽ സേവിംഗ്സ് സ്കീമിൽ സമർപ്പിച്ച പ്രോജക്ടിന് ഭരണാനുമതി നൽകി. സെൻസറി ഇന്റഗ്രേറ്റീവ് യൂണിറ്റ്, പേപ്പർബാഗ് നിർമ്മാണ യൂണിറ്റ്, സോപ്പ് നിർമ്മാണ യൂണിറ്റ്, കൃഷി, വിനോദ ഉപകരണങ്ങൾ എന്നീ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മാസികകൾ, ദിനപ്പത്രങ്ങൾ എന്നിവയോടുകൂടി ലൈബ്രറി സജ്ജമാ ക്കിയിട്ടുണ്ട്. രോഗ വിമുക്തരായ അന്തേവാസികളെ കോഗ്നിറ്റീവ് റീട്രെയിനിംഗ് യൂണിറ്റ്, കൃഷി, നെയ്ത്ത്, കവർനിർമ്മാണം, ബുക്ക് ബൈന്റിംഗ്, അടുക്കളപ്പണി, തുന്നൽ എന്നീ ജോലികളിൽ വ്യാപൃതരാക്കി വരുന്നു. അസുഖം ഭേദമായ രോഗികൾക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്തു ന്നുണ്ട്. ഇവിടെത്തന്നെയുള്ള പുനരധിവാസ യൂണിറ്റുകളിൽ അവർക്ക് ജോലി ചെയ്യാനുള്ള സൗകര്യം ചെയ്യുന്നുണ്ട്. അടുക്കള നവീകരണത്തിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള അനുമതി കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

SECTION OFFICER

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 521 — 22.7.2010ൽ മറുപടിക്ക്

### പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി. ഇ.എസ്. ബിജി മോൾ :
ശ്രീ. കെ.രാജു :
ശ്രീ. പള്ളിപ്രം ബാലൻ :

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം ഓരോ ജില്ലയിലും 2009-10 വർഷത്തിൽ എത്ര വ്യവസായ യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട് ;

എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം 2009-2010 വർഷത്തിൽ പുനരുദ്ധാരണത്തിനായി കണ്ടെത്തിയ വ്യവസായ യൂണിറ്റുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ താഴെ പറയുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 20 |
| 2 | കൊല്ലം | 28 |
| 3 | പത്തനംതിട്ട | 20 |
| 4 | ആലപ്പുഴ | 39 |
| 5 | കോട്ടയം | 19 |
| 6 | ഇടുക്കി | 22 |
| 7 | എറണാകുളം | 23 |
| 8 | തൃശൂർ | 46 |
| 9 | പാലക്കാട് | 190 |
| 10 | മലപ്പുറം | 33 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 49 |
| 14 | കാസർഗോഡ് | 2 |
| | **ആകെ** | **519** |

ബി) ഈ വ്യവസായ യൂണിറ്റുകളിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞവ എത്രയെണ്ണം വീതമാണെന്ന് വ്യക്തമാക്കുമോ; ഇവയിൽ വനിതാ വ്യവസായ യൂണിറ്റുകൾ എത്ര വീതമുണ്ട്;

ബി) പുനരുദ്ധരിക്കാൻ കഴിഞ്ഞ വ്യവസായ യൂണിറ്റുകളുടെയും പുനരുദ്ധരിക്കപ്പെട്ട വനിതാ വ്യവസായ യൂണിറ്റുകളുടെയും എണ്ണം താഴെ പറയുന്നു.

| | ജില്ല | പുനരുദ്ധരിക്കപ്പെട്ടവ | വനിതാ യൂണിറ്റ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 11 | 0 |
| 2 | കൊല്ലം | 11 | 0 |
| 3 | പത്തനംതിട്ട | 6 | 1 |
| 4 | ആലപ്പുഴ | 17 | 0 |
| 5 | കോട്ടയം | 11 | 0 |
| 6 | ഇടുക്കി | 15 | 4 |
| 7 | എറണാകുളം | 27 | 0 |
| 8 | തൃശൂർ | 36 | 5 |
| 9 | പാലക്കാട് | 30 | 4 |
| 10 | മലപ്പുറം | 17 | 1 |
| 11 | കോഴിക്കോട് | 15 | 0 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 19 | 2 |
| 14 | കാസർഗോഡ് | 0 | 0 |
| | **ആകെ** | **215** | **17** |

| | |
|---|---|
| സി) പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | സി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി(Sick Unit Revival Programme-SURP) എന്ന പേരിൽ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ് നിലവിൽ ഉണ്ട്. ഇതിന്റെ ഭാഗമായി താഴെപറയുന്ന സഹായങ്ങൾ നൽകുന്നു. |

- പീഡിത വ്യവസായങ്ങൾക്കായി മാർജിൻ മണി ലോണുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകപ്പെടുന്നു. (പരമാവധി 2 ലക്ഷം രൂപ വരെ).
- റിവൈവൽ പ്രോജക്റ്റ് റിപ്പോർട്ട് (RPR) തയ്യാറാക്കുന്നതിന് ഒടുക്കിയ തുകയുടെ 50% സബ്സിഡിയായി നൽകുന്നു. (പരമാവധി 10,000/- രൂപ).
- സാങ്കേതിക ഉപദേശത്തിനും ടെക്നോളജിക്കും ചെലവായ തുകയുടെ 50% ഗ്രാന്റായി നൽകുന്നു. (പരമാവധി 15,000/- രൂപ).
- സ്റ്റാർട്ട്-അപ് എക്സ്പെൻസ് ലോൺ ആയി പരമാവധി 2.5 ലക്ഷം രൂപ നൽകുന്നു. (മാർജിൻ മണി ലോണും സ്റ്റാർട്ട്-അപ് എക്സ്പെൻസും കൂടി മൂന്ന് ലക്ഷം രൂപയിൽ കൂടരുത് എന്ന വ്യവസ്ഥയോടെ)
- റവന്യൂ റിക്കവറി നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിലും അത് ഒരു വർഷത്തേക്കോ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതു വരെയോ ഏതാണോ ആദ്യം, അതുവരെ നിർത്തിവയ്ക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 522 — 22/07/2010-ൽ മറുപടിയ്ക്ക്

### ഹോംകോയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

---

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ ഹോമിയോ ചികിത്സാ സംവിധാനത്തിൻ കീഴിൽ ഔഷധ നിർമ്മാണ രംഗത്ത് ഹോംകോ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; | (എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി (ഹോംകോ) യുടെ മുഖ്യ ലക്ഷ്യം ഔഷധ നിർമ്മാണവും വിതരണവുമാണ്. 2009-2010 വർഷം 994 ലക്ഷം രൂപയുടെ ഔഷധങ്ങൾ നിർമ്മിച്ച് വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും ഡിസ്പൻസറികൾക്കും ആവശ്യമായ മരുന്നു മുഴുവനും നിർമ്മിച്ച് വിതരണം ചെയ്യുന്നത് ഹോംകോയാണ് ഇത് കൂടാതെ മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും മരുന്ന് കയറ്റി അയയ്ക്കുന്നുണ്ട്. ഔഷധസസ്യകൃഷി രംഗത്തും ഹോമിയോപ്പതി പ്രചാരണ രംഗത്തും വിദ്യാഭ്യാസ രംഗത്തും ഹോംകോ പ്രവർത്തിച്ചു വരുന്നു. |
| ബി) ഹോംകോയുടെ കീഴിൽ സ്ഥാപിക്കുന്ന ഹോമിയോ മരുന്നു കമ്പനി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | (ബി) ഹോംകോയുടെ പാതിരപ്പള്ളിയിലുള്ള ഔഷധ നിർമ്മാണശാല ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. എന്നാൽ അന്യസംസ്ഥാനങ്ങിൽ നിന്നും മറ്റും ലഭിക്കുന്ന ഔഷധ ഓർഡറുകൾ എല്ലാം സ്വീകരിക്കുവാനും അതിന് അനുസൃതമായി മരുന്നുകൾ നിർമ്മിച്ച് വിതരണം നടത്തുവാനുമുള്ള ശേഷി |

സ്ഥാപനത്തിന് ഇല്ലാത്തതിനാൽ ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിനുള്ള 19.68 കോടി രൂപയ്ക്ക് ഒരു പ്രോജക്റ്റ് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 5.28 കോടി രൂപ മുടക്കി പുതിയ ഫാക്ടറി കെട്ടിടത്തിന് സ്ഥലം വാങ്ങിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹോംകോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പുതിയ ഫാർമസി കോളേജ് തുടങ്ങുന്നതിനായി ഹോംകോ എന്തൊക്കെ നപടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | 2010-2011 വർഷത്തെ ബഡ്ജറ്റിൽ ഹോംകോയുടെ കീഴിൽ ഒരു ഫാർമസി കോളേജ് സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഹോംകോ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിൻെറ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമോ? | (ഡി) | ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിൻെറ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 523 | 22.07.2010-ൽ മറുപടിയ്ക്ക് |
|---|---|

*ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച നടപടികൾ*

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. മുരളി പെരുനെല്ലി ;<br>ശ്രീ. വി. ശശികുമാർ ;<br>ശ്രീ. മഞ്ഞളാംകുഴി അലി ;<br>ശ്രീ. കെ.ടി. ജലീൽ ; | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഡന്റൽ, പാരാമെഡിക്കൽ രംഗത്ത് ഈ സർക്കാർ ആവിഷ്ക്കരിച്ച വികസന പരിപാടികൾ എന്തെല്ലാമാണ്; | എ) | തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ഡന്റൽ കോളേജുകളുടെ വികസനത്തിനായി, ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം യഥാക്രമം 325.3 ലക്ഷം രൂപ, 222.21 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരം, കോഴിക്കോട് ഡന്റൽ കോളേജുകളിൽ നിലവിലുള്ള 40 ബി.ഡി.എസ്. സീറ്റ് 50 ആയി ഉയർത്തി. എം.ഡി.എസിന് തിരുവനന്തപുരത്ത് 23 ഉം കോഴിക്കോട് 16 സീറ്റും നിലവിലുണ്ട്. അതിനോട് 4 എണ്ണം കൂടി കൂട്ടാൻ എൻ.ഒ.സി. നൽകി. കോട്ടയം ദന്തൽ കോളേജിൽ രണ്ട് ഡിപ്പാർട്ട്മെന്റുകളിൽ ഡന്റൽ കൗൺസിൽ അംഗീകാരത്തോടെ ആദ്യമായി എം.ഡി.എസ്. തുടങ്ങി. അടുത്ത 2 ഡിപ്പാർട്ട്മെന്റുകളിൽ കൂടി എം.ഡി.എസ്. (2 സീറ്റ് വീതം) തുടങ്ങാൻ എൻ.ഒ.സി. നൽകി.<br>ഡന്റൽ കോളേജ് അദ്ധ്യാപകരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുകയും മെഡിക്കൽ അദ്ധ്യാപകർക്കൊപ്പം ശമ്പള വർദ്ധന നൽകുകയും ചെയ്തു. ഡന്റൽ കോളേജുകളിൽ റസിഡൻസി സമ്പ്രദായം നടപ്പിൽ വരുത്തി.<br>32 സീനിയർ റസിഡന്റ് തസ്തികകൾ പുതുതായി അനുവദിച്ചു. ഈ പോസ്റ്റുകളിൽ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ ബോണ്ട് പ്രകാരമുള്ള നിർബന്ധിത സേവനം നിർവഹിക്കുന്നതിന് നിയമിച്ചു. ഇതുവഴി ഡന്റൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ചറർമാരുടെ കുറവ് നികത്തി. കോട്ടയം ഡന്റൽ കോളേജിൽ പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ നിർമ്മിച്ചു താമസയോഗ്യമാക്കി. കോഴിക്കോട് ഡന്റൽ കോളേജിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചു. തിരുവനന്തപുരം, കോഴിക്കോട് ഡന്റൽ കോളേജുകളിലെ പഴക്കം ചെന്ന ഡെന്റൽ ചെയറുകളും ഉപയോഗശൂന്യമായ യന്ത്രസാമഗ്രികളുംമാറ്റി പുതിയ കസേരകളും ഉപകരണങ്ങളും വാങ്ങി.<br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പാരാമെഡിക്കൽ കൗൺസിൽ തുടങ്ങുന്നതിനു വേണ്ടി ഇതു വരെ 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാരാമെഡിക്കൽ കൗൺസിലിന് ഒരു വെബ്സൈറ്റ് ഉണ്ടാക്കുക വഴി സർക്കാർ നടത്തുന്ന കോഴ്സുകളുടെയും അംഗീകാരമുളള സ്ഥാപനങ്ങളുടെയും വിവരം സാധാരണക്കാർക്ക് ലഭ്യമാക്കുകയുണ്ടായി. പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളുടെ അഡ്മിഷൻ നഴ്സിംഗ്, ഫാർമസി വിഭാഗത്തോടൊപ്പം എൻട്രൻസ് പരീക്ഷയുടെ പരിധിയിൽ നിന്നൊഴിവാക്കി. ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് എസ്.സി/എസ്.ടി വിഭാഗത്തിനായി പുതിയ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാനുളള നടപടിക്രമങ്ങൾ തുടങ്ങി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.എൽ.റ്റി ഡിപ്പാർട്ട്മെന്റിനായി പുതിയ കെട്ടിടം പണിതു. |
| ബി) | ഡന്റൽ ചികിത്സയ്ക്കുള ള സൗകര്യം എന്തുമാത്രം മെച്ചപ്പെടു ത്താൻ കഴിഞ്ഞുവെന്ന് വെളിപ്പെടു ത്തുമോ; | ബി), സി) | ഡന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഡന്റൽ കോളേജുകളിൽ റസിഡൻസി സമ്പ്രദായം നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഈവനിംഗ് ക്ലിനിക് വഴി വൈകിട്ട് ആറു മണിവരെ ഡന്റൽ കോളേജുകളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി. അത്യാഹിത വിഭാഗത്തിൽ 24 മണിക്കൂറും ദന്തൽ കാഷ്വാലിറ്റി പ്രവർത്തനം ഉറപ്പാക്കി. എല്ലാ ഡന്റൽ കോളേജുകളിലും ദന്ത ചികിത്സയ്ക്കാവശ്യമായ ആധുനിക ചെയറുകളും യന്ത്ര സാമഗ്രികളും വാങ്ങുകയുണ്ടായി. ദന്ത ചികിത്സയ്ക്കാവശ്യമായ സാധനങ്ങളും മരുന്നുകളും വാങ്ങുന്നതിലേക്കായി ബഡ്ജറ്റ് തുക വർദ്ധിപ്പിച്ചതു മൂലം കാലങ്ങളായി ദന്ത ചികിത്സക്കു നിലനിന്നിരുന്ന കാലതാമസവും ചികിത്സക്കായി രജിസ്റ്റർ ചെയ്ത രോഗികളുടെ കാത്തിരിപ്പുള വളരെയധികം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| സി) | ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | | |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | തിരുവനന്തപുരം ഡെന്റൽ കോളേജിനായി 47,59,840 രൂപയുടെ ഇലക്ട്രിക്കൽ പ്രോഗ്രാമബിൾ ചെയർ 2009-10 നടപ്പ് സാമ്പത്തിക വർഷത്തിൽ വാങ്ങിച്ചു. ബി.ഡി.എസ്. കോഴ്സിന് 40 സീറ്റ് 50 സീറ്റായി വർദ്ധിപ്പിച്ചിട്ടുണ്ട്. പാരാമെഡിക്കൽ വിഭാഗത്തിലെ പ്രോസ്തോഡോണ്ടിക്സ് ലാബ് നവീകരിച്ചിട്ടുണ്ട്. ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് കമ്മ്യൂണിറ്റി ഡെന്റിസ്ട്രി പഠനത്തിന്റെ ആവശ്യത്തിലേക്കായി കോളേജിന് പുതിയ മിനി ബസ് വാങ്ങിയിട്ടുണ്ട്. ചികിത്സാ സൗകര്യം ഫലപ്രദമാക്കുവാൻ വേണ്ടി കോളേജിൽ റസിഡൻസി സമ്പ്രദായം നടപ്പിലാക്കുകയും സായാഹ്ന ക്ലിനിക്കുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ചികിത്സക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുവാൻ വേണ്ടി ബഡ്ജറ്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തനരഹിതമായ ലിഫ്റ്റ് മാറ്റുകയും പുതിയ ലിഫ്റ്റ് സ്ഥാപിക്കുകയും ചെയ്തു. ഇതിലേക്കായി 16,50,000 രൂപ ചെലവാകുകയും ചെയ്തു. കോളേജിൽ സർജിക്കൽ ബ്ലോക്കും, ലേഡീസ് ഹോസ്റ്റലും നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. നിലവിലുള്ള മിനി ഓപ്പറേഷൻ തീയേറ്റർ എയർ കണ്ടീഷൻ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (ഇ) | പുതുതായി ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകൾ കഴിഞ്ഞ വർഷം ആരംഭിച്ചു. ഇവയ്ക്ക് ഓരോന്നിനും എത്ര സീറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്? | (ഇ) | കഴിഞ്ഞ വർഷം പുതുതായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.എസ്.സി. എം.എൽ.റ്റി. കോഴ്സ് ആരംഭിച്ചു. മൂന്ന് വിഭാഗങ്ങളിലായി 12 സീറ്റുകളാണ് അനുവദിച്ചത്. യഥാക്രമം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ബി.എസ്.സി. ഓപ്ടോമെട്രി കോഴ്സ് (20 സീറ്റ് വീതം) ഈ വർഷം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.524 | . 22 -07 -2010 - ൽ മറുപടിയ്ക്ക് |
|---|---|

## പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളെ മോണിറ്റർ ചെയ്യുന്നതിനുള്ള പരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. എൻ. ശക്തൻ:<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളെ മോണിറ്റർ ചെയ്യുന്നതിനുള്ള എന്തൊക്കെ പരിപാടികൾക്കാണ് സർക്കാർ ഈ വർഷം രൂപം നൽകിയിരിക്കുന്നത് ; | (എ) | പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള കാമ്പയിൻ 2010 ഏപ്രിൽ 7 ാം തീയതി നടന്ന ലോകാരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ഏകദിന ശിൽപ്പശാലയിൽ തുടക്കം കുറിച്ചു. 2010 - 11 ബജറ്റിൽ പ്രമേഹവും, രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു കർമ്മ പരിപാടിക്കായുള്ള നിർദ്ദേശമുണ്ട്. ഇത്പ്രകാരം ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുവാനും, പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും, ജീവനക്കാരുടെയും നേതൃത്വത്തിൽ ആശാ പ്രവർത്തകരെ പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ മിഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയിൽനിന്നുള്ള വിദഗ്ദ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സാങ്കേതികവശങ്ങൾക്കും രൂപം നൽകുവാനും പുരോഗതി അവലോകനം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. രോഗനിർണ്ണയം, ചികിത്സ, ആവശ്യമായ പരിശോധനകൾ, രോഗനിയന്ത്രണത്തിനും രോഗപ്രതിരോധത്തിനും ആവശ്യമായ ജീവിതശൈലി മാറ്റങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് വിഭാവനം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ആരോഗ്യ വകുപ്പ് മന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ ഏതെങ്കിലും യു.എസ് ആരോഗ്യ ഏജൻസികളുമായി ചർച്ച നടത്തിയിരുന്നുവോ ; | (ബി) | തിരുവനന്തപുരത്തുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് കേരള സർക്കാരിന്റെയും, വേൾഡ് ഇന്ത്യാ ഡയബറ്റിസ് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി അമേരിക്കയിലെ മയോക്ളിനിക്കിലെ എൻഡോക്രിനോളജി വിഭാഗത്തിന്റെ സഹകരണത്തോടുകൂടി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ്. എന്നാൽ തുടർന്നുള്ള സഹകരണം യു.എസിലെ മയോക്ളിനിക്കിൽ നിന്നുണ്ടായില്ല. ജൂലൈ മാസത്തിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ യു.എസ് മയോക്ളിനിക്കുമായി ഇതു സംബന്ധമായ ചർച്ച നടത്തുകയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന് റിസർച്ചിലും അക്കാഡമിക് തലത്തിലും ഭാവിയിലുള്ള വികസനത്തിനുമാവശ്യമായ ടെക്നിക്കൽ സഹായങ്ങൾക്കും ധാരണയായിട്ടുണ്ട്. |
| (സി)<br><br><br><br><br><br>(ഡി) | ഇത്തരം അന്തർദ്ദേശീയ ആരോഗ്യ ഏജൻസികളുടെ സഹായത്തോടെ സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ഒരു ജനകീയ കാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>ഇത്തരം കാമ്പയിൻ നടത്തുന്നതിന് എൻ.ആർ.എച്ച്.എമ്മിൽ നിന്ന് എത്രകോടി രൂപാ സഹായധനമായി ലഭ്യമാക്കുമെന്നാണ് കരുതുന്നത് ? | (സി)യും (ഡി)യും | ഈ പദ്ധതിയുടെ വിശദമായ രൂപം തയ്യാറായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 525 22.07.10ൽ മറുപടിക്ക്

## കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എം.കെ പുരുഷോത്തമൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും<br>സ്പോർട്ട്സും യുവജനക്ഷേമവും<br>തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടും അവയെ വടക്കെ ഇന്ത്യയിലെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടും ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ | ഉദ്ദേശിക്കുന്നുണ്ട്. |
| ബി | എങ്കിൽ വിശദാംശം നൽകുമോ ; | ബി | കടൽ വഴിയുള്ള ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 200 ലക്ഷം രൂപ പ്രാഥമികമായി വകയിരുത്തിയിട്ടുള്ളതും പദ്ധതിയിൽ കോസ്റ്റൽ ഷിപ്പിംഗിനായി വെസ്സൽ വാങ്ങുന്നതുൾപ്പെടെ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. തീരദേശ ചരക്ക് ഗതാഗത വികസനത്തിനായി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ചേമ്പർ ഓഫ് കോമേഴ്സ്, ചരക്ക് മൊത്ത വ്യാപാരികൾ, ഏജന്റുമാർ തുടങ്ങിയവരുമായി ചർച്ച നടത്തിവരുന്നു. |

| | | | |
|---|---|---|---|
| സി | ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുമോ ; | സി | നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള സാധന സാമഗ്രികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ്/റെയിൽ വഴിയാണ് വരുന്നത്. കടൽ മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് റോഡ്/റെയിൽ എന്നിവയെ അപേക്ഷിച്ച് ചെലവ് കുറവാണ്. അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും. റോഡിലുള്ള തിരക്കും, അതുമൂലമുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും. പെട്രോളിയം ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ എന്നിവ കര മാർഗ്ഗം കൊണ്ടുപോകുമ്പോഴുണ്ടാകുന്ന ദുരന്തങ്ങളും അപകടങ്ങളും കടൽമാർഗ്ഗം കൊണ്ടുപോകുമ്പോൾ ഒഴിവാക്കാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽ വഴി കൊണ്ടുവരുന്നതിന് തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും. |
| ഡി | സംസ്ഥാനത്തെ തുറമുഖങ്ങളുടെ സുരക്ഷിതത്വത്തിനായി കോസ്റ്റൽ സെക്യൂരിറ്റി നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | ഡി | തുറമുഖങ്ങൾ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നതിന് ബീക്കൺ ട്രാൻസ്മിറ്റർ സ്ഥാപിക്കും. തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനും . മൂന്ന് പട്രോളിംഗ് ബോട്ടുകൾ ഇതിനായി വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂരിലുള്ള സുരക്ഷാസൗകര്യങ്ങൾ വിലയിരുത്തി വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയുള്ള നിർദ്ദേശം ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് നൽകിക്കഴിഞ്ഞു. കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ സുരക്ഷാ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിനായി ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് തുടർനടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.526

22-7-2010-ൽ
മറുപടിയ്ക്ക്

## വികലാംഗർക്ക് തൊഴിൽ പരിശീലനം

**ചോദ്യം**

ശ്രീ.ബാബു എം.പാലിശ്ശേരി
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ.വി.ശശികുമാർ

**ഉത്തരം**

ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പ്രത്യേക കേന്ദ്രങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള രണ്ട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ (വി.റ്റി.സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. |
| (ബി) | എങ്കിൽ വിശദാംശം നൽകുമോ; | (ബി) | വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്തും, കോഴിക്കോട്ടും വി.റ്റി.സികൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇവിടെ നടത്തുന്നതെന്നറിയിക്കുമോ; | (സി) | 1) തിരുവനന്തപുരം വിറ്റി.സിയിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>**കോഴ്സ്** — **കാലയളവ്**<br><br>a) ബുക്ക് ബയന്റിംഗ് — 2 വർഷം<br>b) ടെയിലറിംഗ് ആന്റ് എംബ്രോയിഡറിംഗ് & നീഡിൽ വർക്ക് — 2 വർഷം<br>c ) DCA — 1 വർഷം<br>d) DTP — 6 മാസം<br><br>2) കോഴിക്കോട് വി.റ്റി.സി.യിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | കോഴ്സ് — കാലയളവ്<br>a) ലതർ വർക്ക്സ് — 2 വർഷം<br>b) ബുക്ക് ബയന്റിംഗ് — 2 വർഷം<br>c) DTP — 6 മാസം<br>d) Computer Hardware — 6 മാസം |
| (ഡി) | ഈ വർഷം പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ; | | തിരുവനന്തപുരം വി.റ്റി.സി.യിൽ ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ് സ്പോൺസേർഡ് സ്ഥാപനമായ ATDC എന്ന സ്ഥാപനവുമായി ചേർന്ന് ഫാഷൻ ഡിസൈനിംഗ് കോഴ്സ് 19-7-2010-ൽ ആരംഭിച്ചുന്നു. ഫാഷൻ ഡിസൈനിംഗിൽ അഭിരുചിയുള്ള 17-നും 25-നും ഇടയിൽ പ്രായമുള്ള 12-ാം ക്ലാസ് പാസ്സായ 10 വികലാംഗർക്കാണ് സൗജന്യമായി കോഴ്സിൽ പ്രവേശനം നൽകുന്നത്. |
| (ഇ) | തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | | തൊഴിലധിഷ്ഠിത കേന്ദ്രത്തിൽ ജനറൽ കോഴ്സിന് പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 24,000/- രൂപയിൽ അധികരിക്കാത്ത പഠിതാക്കൾക്ക് പ്രതിമാസം 300/- രൂപ വീതം സ്റ്റൈപന്റ് നൽകുന്നു. |
| (എഫ്) | സന്നദ്ധ സംഘടനകൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും സ്റ്റൈപ്പെന്റ് നൽകുന്നുണ്ടോ; | | ഇല്ല. |
| (ജി) | വികലാംഗർക്കായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | | വികലാംഗർക്കായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം ആലോചിച്ചുവരുന്നു. |
| (എച്ച്) | തൊഴിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുമോയെന്ന് വെളിപ്പെടുത്തുമോ? | | ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. |

Mary Kalavathi [signature]
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 527 — 22 -07-2010-ൽ മറുപടിയ്ക്ക്

## മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ:**<br>**ശ്രീ.കെ.കുഞ്ഞിരാമൻ:**<br>**ശ്രീ.പി.വിശ്വൻ:**<br>**ശ്രീ.വി.ചെന്താമരാക്ഷൻ:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ) ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2008-2009 അദ്ധ്യയന വർഷം മുതൽ വിഷൻ ഇന്ത്യ കേരള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി ആദ്യ വർഷത്തിൽ (2008-2009) തിരുവനന്തപുരം, തൃശൂർ, എറണാകുളം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട് , കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം മറ്റ് ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ജില്ലാതല മത്സര വിജയികളെ സംഘടിപ്പിച്ചു കൊണ്ട് 2009 മെയ് മാസത്തിൽ എറണാകുളത്ത് വച്ച് ആദ്യത്തെ സംസ്ഥാനതല ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ സ്കൂളുകൾക്ക് യഥാക്രമം 1 ലക്ഷം രൂപയും ട്രോഫിയും 50,000/- രൂപയും ട്രോഫിയും 25,000/- രൂപയും ട്രോഫിയും |

നൽകുകയുണ്ടായി. വിഷൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 91 സ്കൂളുകളിൽ പരിശീലനം നൽകി വരുന്നു. ഇതിനു പുറമെ, കേരള് ഫുട്ബോൾ കളിയുടെ വികസനത്തെ കുറിച്ച് ആഴത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആൾ ഇന്ത്യ നാഷണൽ ലീഗ് മത്സരത്തിൽ ഫസ്റ്റ് ഡിവിഷനിൽ എത്തുന്ന കേരള ടീമുകൾക്ക് 20 ലക്ഷം രൂപ വീതം നൽകി വരുന്നു. കൂടാതെ, മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ഒരു ഫുട്ബോൾ അക്കാദമി സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മലപ്പുറത്തെ ഫുട്ബോൾ അക്കാദമിയും അതോടൊപ്പം ഒരു സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) മലപ്പുറത്ത് ഫുട്ബോൾ അക്കാദമി സ്ഥാപിക്കുന്നതിനുള്ള ശിലാ സ്ഥാപനം കഴിഞ്ഞു.

(സി)

പ്രസ്തുത പദ്ധതിയ്ക്ക് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു ;

ഈ പദ്ധതിയ്ക്ക് 51.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി)

പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാന സർക്കാരിന്റെ ഫണ്ട്, എം.പി; എം.എൽ.എ.മാരുടെ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിൽ നിന്നും ആവശ്യമായ തുക സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ)

സ്കൂളുകളിൽ കുട്ടികൾക്ക് ശാസ്ത്രീയ ഫുട്ബോൾ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

(ഇ)

ഉണ്ട്. വിശദാംശം എ- പിരിവിൽ കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T 528 — 22.07.2010-ൽ മറുപടിക്ക്

**മണൽക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.<br>ശ്രീ. വർക്കല കഹാർ എം.എൽ.എ<br>ശ്രീ.സി.പി. മുഹമ്മദ് എം.എൽ.എ<br>ശ്രീ. അടൂർ പ്രകാശ് എം.എൽ.എ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയിൽ മണൽക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു മണൽ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത്; | എ) വ്യവസായ വകുപ്പിൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് ഗുജറാത്തിൽ നിന്നും കപ്പൽ മാർഗ്ഗം മണൽ കൊണ്ടുവരികയുണ്ടായോയെന്നറിയിക്കുമോ; | ബി) കപ്പൽ മാർഗ്ഗം ഗുജറാത്തിൽ നിന്ന് കേരളത്തിലേക്ക് മണൽ കൊണ്ടുവന്നിട്ടുണ്ട്. |
| സി) എങ്കിൽ എത്ര തവണ ഇത്തരത്തിൽ സംസ്ഥാനത്ത് മണൽ കൊണ്ടുവന്നുവെന്ന് വ്യക്തമാക്കുമോ; | സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്ന് 5000 മെട്രിക് ടണ്ണും തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്ന് 3000 മെട്രിക് |

| | | | |
|---|---|---|---|
| | | | ടണ്ണും കപ്പൽ മാർഗ്ഗം ഇറക്കുമതി ചെയ്ത സാധാരണ മണൽ വിപണനം ചെയ്യുവാൻ അനുമതി കൊടുത്തിട്ടുണ്ട്. |
| ഡി) | കപ്പൽ മാർഗ്ഗം കൊണ്ടുവരുന്ന മണൽ വിപണനം ചെയ്യുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ; | ഡി) | കപ്പൽ മാർഗ്ഗം കൊണ്ടുവരുന്ന മണൽ വിപണനം ചെയ്യുന്നതിന് എല്ലാ ജില്ലകളിലുമുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന ഡീലേഴ്സ് ലൈസൻസ് നല്കിവരുന്നുണ്ട്. ഇപ്രകാരം ഡീലേഴ്സ് ലൈസൻസ് ഉള്ള വ്യാപാരികൾ മുഖേനയാണ് മണൽ വിപണനം നടത്തുന്നത്. |
| ഇ) | സംസ്ഥാനത്തെ കടൽ മണൽ സംസ്കരിച്ച് കെട്ടിട നിർമ്മാണത്തിനുപയോഗിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | ഇ) | തൽക്കാലം പരിഗണനയിലില്ല. |
| എഫ്) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | എഫ്) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 529 — 22.7.2010 ന് മറുപടിക്ക്

## പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| എ. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനകം നടപ്പാക്കിയിട്ടുള്ള പരിശീലന പരിപാടികൾ ഏതെല്ലാമാണ്; | എ. 1. നിയമസഭാസാമാജികർക്കുള്ള പരിശീലനം 2008-09 വർഷത്തിൽ രണ്ട് ബാച്ച് എം.എൽ.എ മാർക്കും 2009-10 ൽ ഒരു ബാച്ചിനും പരിശീലനം നൽകി.<br>2. സെക്രട്ടേറിയറ്റിലെ നിയമ വകുപ്പുദ്യോഗസ്ഥരുടെ ഒരു ബാച്ചിന് 2009-10 ൽ legal drafting & translation എന്ന വിഷയത്തിൽ പരിശീലനം നൽകി. |
| ബി. ഈ വർഷം എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ബി. ഈ വർഷം സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| സി. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി. സ്കൂൾ വിദ്യാർത്ഥികൾക്കായി 2010-11 വർഷത്തേക്കുള്ള യൂത്ത് പാർലമെന്റ് മത്സരം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്ക് ഈ വർഷം മത്സരം നടത്താൻ ഉദ്ദേശിക്കുന്നില്ല. |
| ഡി. ഇൻസ്റ്റിറ്റ്യൂട്ട് ഏതെങ്കിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഡി. ഉണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിക്കുന്നത് ഇൻസ്റ്റിറ്റ്യൂട്ടാണ്. |
| ഇ. യുവജനങ്ങൾക്ക് പാർലമെന്ററി കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | ഇ. ആവിഷ്കരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# CALENDAR OF ACTIVITIES

In line with the perspective of the Institute, a draft calendar of activities for the year 2010 – 11 is furnished below and may be approved.

## 1. SEMINAR

| | | |
|---|---|---|
| a. | National Seminar | : Three days (2) |
| b. | State Seminar | : Two Days (Total 2) |
| c. | Regional Seminar | : One Day (Total 4) |

## 2. CONFERENCE

| | |
|---|---|
| Grama Panchayat Presidents / Secretaries | : Two Day (Total 4) |

## 3. WORKSHOP

| | |
|---|---|
| Workshop for preparation of training modules for various target groups | : Two Days (Total 3) |

## 4. TRAINING

| | | |
|---|---|---|
| a. | Training for MLAs | : Two Days (2) |
| b. | Training for Youth Representatives of Political Parties | : Two Days (2) |
| c. | Training Programme in Parliamentary Democracy / Constitution for Block Panchayat Presidents / Zilla Panchayat Presidents (20 Numbers) | : Two Days (2) |
| d. | Training Programme for Leaders of Service Organizations | : Two Days (1) |

## 5. ORIENTATION

| | | |
|---|---|---|
| a. | Orientation to Legislative Assembly Staff (Juniors) | : One Day (1) |
| b. | Orientation to Women Representatives of Political Parties | : One Day (1) |

**7. COMPETITIONS (Essay Writing and Quiz)**

a. Higher Secondary and High School Students

b. College Students

c. Girl Students of Professional Colleges

**8. EXPOSURE VISIT**

Inter State Study Visit for 15 MLAs. : (Total 1)

**9. RESEARCH STUDIES**

(on going project)

**10. LIBRARY**

Purchase of Library Books, Magazines etc.

**11. PUBLICATION**

a. Publication of two books on (1) Inclusive India and Role of Parliament, (2) Foreign policy, National sovereignty and Federalism in India

b. Journal of Parliamentary Studies (Bi-annual)

**12. YOUTH PARLIAMENT COMPETITION**

Higher Secondary and High School Students

**13. FIELD VISIT FOR STAFF OF INPA**

Visit to Parliamentary Secretariat and National Institute of Parliamentary Affairs, Delhi.

**14. SPECIAL LECTURES / DISCUSSIONS**

Memorial Lectures.

**15. COLLEGE LEVEL**

a. Orientation Programme on Parliamentary Proceedings (University Level) : (Total 7)

b. Seminar (Post Graduate and above / State Level) : (Total 2)

c. Leadership Camp to Union Representatives (Chairman & Vice Chairman / General Secretaries – One Day Programme) University Level : (Total 7)

## 16. WOMEN

'Role of Women in Parliamentary Democracy' (Women Panchayat Presidents & Municipal Chairperson – 2 days camp – One Programme – 40 Members)

## 17. LEGAL DRAFTING COURSE

(Continuing) : (Total 3)

## 18. KNOW YOUR ASSEMBLY

For Best Parliamentarians and Winners of Youth Parliament Competition : (Total 2)

## 19. TRAINING TO SECRETARIAT STAFF

Training to Secretariat Staff on Parliamentary Papers (As per Project Report)

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 530

22.07.2010-ൽ മറുപടിക്ക്.

## ''ഇൻകെലി''-ന്റെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എം. മുരളി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വിദേശ മലയാളികളുടെ പണം വ്യവസായ മേഖലയ്ക്ക് ലഭ്യമാക്കാനായി സ്ഥാപിച്ച സംയുക്ത സംരംഭമായ ''ഇൻകെലി''ന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ സംരംഭത്തിന്റെ എത്ര ശതമാനം ഓഹരികളാണ് സർക്കാരിനുള്ളത് ; | (ബി) 26% . |
| (സി) സർക്കാർ വിഹിതത്തിനു പുറമേ എത്ര കോടി രൂപാ ഇതിന്റെ മൂലധനമായി ഇതുവരെ സ്വരൂപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ; | (സി) പ്രവാസി മലയാളികളിൽ നിന്നു 65 കോടി രൂപയും പൊതുമേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു സ്വകാര്യ വ്യക്തികളിൽ നിന്നും കൂടി 9 കോടി രൂപയും നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇതിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിരുന്ന തരത്തിൽ പ്രാവർത്തികമാക്കാൻ കഴിയാ--ത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (ഡി) വ്യവസായ സംരംഭത്തിനാവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇൻകെൽ രൂപീകരിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം, നിക്ഷേപം, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള നിയമപരമായ അനുവാദം എന്നിവ ലഭിക്കാനുണ്ടായ കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. |

(തുടർച്ച.....2)

(ഇ) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും ;

(ഇ) ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന്, അതാത് മേഖലകളിലെ വിദഗ്ദരുടെ മേൽ നോട്ടത്തിൽ, സർക്കാർ തലത്തിലുള്ള വിവിധ ഏജൻസികളിൽ നിന്നും അനുമതി വാങ്ങുന്നതിനും നിക്ഷേപകരുമായി നിരന്തരം സമ്പർക്കം പുലർത്തി നിക്ഷേപം ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഈ വർഷം ഇൻകെലിന്റെ നേതൃത്വത്തിൽ ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം തുടങ്ങാൻ കഴിയും എന്ന് വിശദീകരിക്കുമോ ?

(എഫ്) കെ.എസ്.ഐ.ഡി.സി-യുമായി ചേർന്ന് സംയുക്ത സംരംഭമായിട്ട് അങ്കമാലിയിൽ ഒരു മൾട്ടിപ്രോഡക്ട് സർവീസ് പാർക്കും, മലപ്പുറത്തെ പാണക്കാട് എഡ്യുഹെൽത്ത് സിറ്റി സ്ഥാപിക്കുന്നതിനും കിൻഫ്രയു--മായി ചേർന്ന് സംയുക്ത സംരംഭമായിട്ട് കോഴിക്കോട് രാമനാട്ടുകരയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കും വെള്ളയിൽ കൺവെൻഷൻ സെന്ററും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 531 — 22.07.2010 - ൽ മറുപടിക്ക്

കാഡ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ് ;<br>ശ്രീ.എം.ഉമ്മർ ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) കൃഷിയിടങ്ങളിൽ സമഗ്ര ജലസേചനത്തിനുള്ള കേന്ദ്ര സഹായ പദ്ധതി 'കാഡ'(CADA ) ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | എ) 01.04.2004 മുതൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികളിൽ ഇപ്പോൾ സി.എ.ഡി.ഡബ്ല്യു.എം.പ്രോഗ്രാം (കാഡ) നടന്നുകൊണ്ടിരിക്കുന്നു. 2010 മാർച്ച് വരെ കാഞ്ഞിരപ്പുഴ പദ്ധതിയിൽ 6367.41 ഹെക്ടർ സ്ഥലത്തും, പഴശ്ശി പദ്ധതിയിൽ 1361.75 ഹെക്ടർ സ്ഥലത്തും കല്ലട പദ്ധതിയിൽ 225 ഹെക്ടർ സ്ഥലത്തും ജലസേചന സൗകര്യം ഏർപ്പെടുത്തി. |
| ബി) ഇതിനായി കേന്ദ്രസർക്കാർ എന്തുതുകയാണ് അനുവദിച്ചത് ; | ബി) കാഡ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ അനുവദിച്ച എസ്റ്റിമേറ്റ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു<br>കാഞ്ഞിരപ്പുഴ 2096.47 ലക്ഷം<br>പഴശ്ശി 2496.00 ലക്ഷം<br>കല്ലട 7698.00 ലക്ഷം |
| സി) കേന്ദ്രസർക്കാർ അനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ; | സി) കേന്ദ്രാനുമതി ലഭിച്ച കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട പദ്ധതികളിൽ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പുതിയതായി കേന്ദ്രാനുമതി ലഭിച്ച മൂവാറ്റുപുഴ പദ്ധതിയിൽ സി.എ.ഡി.ഡബ്ല്യു.എം.പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) ഏതെല്ലാം ജില്ലകളിലെ കൃഷിക്കുള്ള ജലസേചന സൗകര്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത് ; വിശദാംശം നൽകാമോ ; | ഡി) ഇപ്പോൾ സി.എ.ഡി.ഡബ്ല്യു.എം.പ്രോഗ്രാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ജില്ലകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>കാഞ്ഞിരപ്പുഴ - പാലക്കാട്<br>പഴശ്ശി - കണ്ണൂർ<br>കല്ലട - കൊല്ലം, പത്തനംതിട്ട, ആലപ്പുഴ |
| ഇ) കാഡയും ജലസേചന വകുപ്പും സംയുക്തമായി പദ്ധതി യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ? | ഇ) ജലസേചന പദ്ധതികളുടെ ആയക്കെട്ട്പ്രദേശത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കാഡയും ജലസേചനവകുപ്പും സംയുക്തമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 532 | 22.07.2010 - ലെ മറുപടി

## കൊച്ചി മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. സാജു പോൾ | | ശ്രീ. എം. വിജയകുമാർ<br>(നിയമവും, പാർലമെന്ററികാര്യവും, സ്പോർട്ട്സും, യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റയിൽ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കണമെന്ന തീരുമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്നോട്ടുപോയിട്ടുണ്ടോ; | (എ) | കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ ശുപാർശയും ലഭിച്ചിട്ടുണ്ട്. പദ്ധതി ഏത് രീതിയിൽ നടത്തണമെന്നോ, പദ്ധതിക്ക് അംഗീകാരം നൽകുവാൻ സാധ്യമല്ല എന്നോ കേന്ദ്ര ഗവൺമെന്റ് രേഖാമൂലം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇതിനുള്ള കേന്ദ്രത്തിന്റെ ന്യായീകരണമെന്താണ് ; | (ബി) യും (സി) യും | (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) | കേന്ദ്ര സർക്കാരിന്റെ വിശദീകരണം തൃപ്തികരമാണോ; അല്ലെങ്കിൽ വ്യക്തമാക്കുമോ ; | | |
| (ഡി) | മെട്രോപദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ഡി) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ അലൈൻമെന്റിന്റെ സർവ്വേ ജോലികൾ എറണാകുളം വില്ലേജൊഴികെ പൂർത്തിയായിരുന്നു. എന്നാൽ DMRC അലൈൻമെന്റിൽ മാറ്റം വരുത്തിയതിനാൽ, ചില സ്ഥലങ്ങളിൽ സർവ്വേ ജോലികൾ പൂർത്തിയാക്കാനുണ്ട്. പൊന്നും വില നടപടികളും, അടിയന്തിര ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതും സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കൊച്ചി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാനായി കൊച്ചി മെട്രോപദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ? | (ഇ) | കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T 533 22.07.2010-ൽ മറുപടിക്ക്

**ധാതുനയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ശക്തൻ എം.എൽ.എ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ<br>ശ്രീ. കെ.സി. ജോസഫ് എം.എൽ.എ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി അംഗീകരിച്ച ധാതു നയത്തിന് എതിരെ എന്തൊക്കെ കാര്യങ്ങളിലാണ് പ്രതിഷേധവും എതിർപ്പുകളും ഉണ്ടായിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്ത് പുതുതായി ധാതു നയം ഇനിയും അംഗീകരിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്ത് വനത്തിന് 50 മീറ്റർ ചുറ്റളവിൽ ധാതുഖനനത്തിന് അനുമതി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | ഇല്ല |

| | |
|---|---|
| സി) നിലവിലെ വനസംരക്ഷണ നിയമവും കേന്ദ്ര വന നിയമവും ലംഘിക്കുന്ന തരത്തിൽ ധാതു ഖനനം നടത്താൻ പുതിയ ധാതു നയം കാരണമാകുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഡി) സർക്കാരിന്റെ പുതുക്കിയ ധാതു നയത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | **(സി)യും (ഡി)യും**<br><br>നിലവിൽ 2007-ലെ വ്യവസായ വാണിജ്യ നയത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഖനിജ നയമാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിവിധ കേന്ദ്ര സംസ്ഥാന വകുപ്പുകൾ, ഖനന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ക്വാറി ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ കരട് നയം, അവരുമായി നടത്തിയ വിശകലനത്തിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും ന്യൂനതകൾ പരിഹരിച്ചും ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 534 — 22 -07-2010-ൽ മറുപടിയ്ക്ക്

സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന സ്പോർട്സ് കമ്മീഷൻ ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.പി.കൃഷ്ണപ്രസാദ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി ഒരു സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന് സ്പോർട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) പരിഗണനയിലാണ്. |
| (സി) സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (സി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |

| | |
|---|---|
| (ഡി)<br>സ്പോർട്സ് മെഡിസിൻ രംഗം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന സ്പോർട്സ് മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും പഠനകേന്ദ്രവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) യും (ഇ) യും പരിശോധിച്ചു വരുന്നു. |
| (ഇ)<br>എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 22.07.2010 - ൽ മറുപടിയ്ക്ക്

ചോദ്യം നം. : 535

## കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.മാണി | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പുമന്ത്രി) |
| എ) കേന്ദ്ര സർക്കാർ അംഗീകരിച്ച കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് വഴി ചെയ്യേണ്ട പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) 1) തണ്ണീർമുക്കം ബണ്ട് നവീകരിക്കുക വഴി ഓരുവെള്ളം കയറുന്നത് തടയാനും കുട്ടനാടിന്റെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>2) തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.<br>3) സി & ഡി ബ്ളോക്കുകളുടേയും റാണി ചിത്തിര ബ്ളോക്കുകളുടേയും ഭാഗത്തുള്ള കായലുകളിലെ വെള്ളപ്പൊക്ക നിയന്ത്രണം.<br>4) ആലപ്പുഴ ചങ്ങനാശ്ശേരി കനാലിന്റെ തടസ്സങ്ങൾ നീക്കി കനാൽ പൂർണ്ണമായും നവീകരിക്കുക.<br>5) നെൽകൃഷിയുടെ അഭിവൃദ്ധിക്കായി പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക ഇവയുമായി ബന്ധപ്പെട്ട മോട്ടോർതറ, മോട്ടോർഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നിവ നിർമ്മിക്കുക.<br>6) കുട്ടനാടൻ തണ്ണീർതടത്തിലെയും ഓണാട്ടുകര കുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലെയും പുഴകൾ കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.<br>7) കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരു മുട്ടുകൾക്കു പകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| ബി) | ഇത് സംബന്ധിച്ച പ്രോജക്ടുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ; | ബി) & സി) | ഉണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളുടെ പേരും സമർപ്പിച്ച തീയതിയും ചുവടെ ചേർക്കുന്നു ; |
| സി) | അവ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; | | |

| | പദ്ധതി | തീയതി |
|---|---|---|
| 1 | സി &ഡിയും റാണിചിത്തിര ബ്ളോക്ക് പാടശേഖരങ്ങൾ | 2/3/10 |
| 2 | ഗ്രൂപ്പ് 1-ൽപ്പെട്ട 14 പാടശേഖരങ്ങൾ | 29/12/10 |
| 3 | ഗ്രൂപ്പ് 2-ൽപ്പെട്ട 5 പാടശേഖരങ്ങൾ | |
| 4 | ഗ്രൂപ്പ് 3-ൽപ്പെട്ട 7 പാടശേഖരങ്ങൾ | 9/3/10 |
| 5 | ഗ്രൂപ്പ് 4-ൽപ്പെട്ട 6 പാടശേഖരങ്ങൾ | |
| 6 | ഗ്രൂപ്പ് 5-ൽപ്പെട്ട 10 പാടശേഖരങ്ങൾ | |
| 7 | ഗ്രൂപ്പ് 7-ൽപ്പെട്ട 22 പാടശേഖരങ്ങൾ | 23/3/10 |
| 8 | ഗ്രൂപ്പ് 8-ൽപ്പെട്ട 6 പാടശേഖരങ്ങൾ | 16/3/10 |
| 9 | ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങൾ | 2/3/10 |

| | | | |
|---|---|---|---|
| ഡി) | ഇനി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ജലവിഭവ വകുപ്പിന് ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രം നേരിട്ട് നടപ്പാക്കണമെന്നാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത് ; | ഇ) & എഫ്) | ജലസേചന വകുപ്പിനുകീഴിൽ നിർദ്ദേശിക്കപ്പെട്ട ഒരു പദ്ധതിയും കേന്ദ്രം നേരിട്ട് നടപ്പിലാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല. |
| എഫ്) | അതിനുള്ള കാരണം വ്യക്തമാക്കുമോ ; | | |
| ജി) | ഇതിൽ ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; | ജി) | താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.<br>(i) സി&ഡി ബ്ളോക്ക്, റാണി ചിത്തിര ബ്ളോക്ക് പാടശേഖരളുടെ പ്രവർത്തനം നടപ്പിലാക്കാൻ കരാർ ഒപ്പിട്ടു.<br>(ii)ഗ്രൂപ്പ് 1 ലും ഗ്രൂപ്പ് 2 ലും ഉൾപ്പെട്ട 19 പാടശേഖരങ്ങളുമായി ബന്ധപ്പെട്ട പണികൾക്കുവേണ്ടിയുള്ള കരാർ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |
| എച്ച്) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ? | എച്ച്) | പ്രസ്തുത പദ്ധതികൾ 11-ാം പഞ്ചവത്സരപദ്ധതി കാലഘട്ടത്തിൽ തന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 536 22.07.2010—ൽ മറുപടിക്ക്

## ജല അതോറിറ്റിയെ ഉപഭോക്തൃ സുഹൃദ് സ്ഥാപനമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>,, കെ.സി. കുഞ്ഞിരാമൻ<br>,, കെ.സി. രാജഗോപാലൻ | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയെ ഒരു ഉപഭോക്തൃ സുഹൃദ് സ്ഥാപനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) അതോറിറ്റിയെ ഒരു ഉപഭോക്തൃ സുഹൃദ് സ്ഥാപനമായി മാറ്റുന്നതിന് വേണ്ടി പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുകയും ജല അതോറിറ്റി ഓഫീസുകളിൽ എത്തുന്ന ഉപഭോക്താക്കളുടെ സഹായത്തിനായി ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുകയും അറ്റകുറ്റപണികൾ സമയ ബന്ധിതമായി പരിഹരിക്കുവാൻ ബ്ലൂ ബ്രിഗേഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തലസ്ഥാന നഗരിയിൽ വാട്ടർ കണക്ഷൻ നൽകുന്നതിനു വേണ്ടി ഏകജാലക സംവിധാനം നിലവിൽ വന്നു. ഇ—പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. കൂടാതെ വെള്ളക്കരം രാവിലെ 8 മണിമുതൽ രാത്രി 8മണിവരെ ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ജലചൂഷണം തടഞ്ഞുകൊണ്ട് ജല |

| | | | |
|---|---|---|---|
| | | | ലഭ്യത വർദ്ധിപ്പിക്കുവാൻ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | പൗരാവകാശരേഖ പ്രകാരം അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെപ്പറ്റിയും അതോറിറ്റി നൽകുന്ന സേവനങ്ങളെപ്പറ്റിയും പരാതി പരിഹാര സംവിധാനങ്ങളെപ്പറ്റിയും വിശദാംശങ്ങൾ പൗരാവകാശ രേഖ വഴി നൽകിയതിനാൽ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി. ഉപഭോക്താക്കൾ ഇതുസംബന്ധിച്ച് കൂടുതൽ ബോധവാൻമാർ ആകുന്നതോടുകൂടി അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്. |
| (സി) | ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | ജല അതോറിറ്റി ഓഫീസുകളിൽ ഉപഭോക്താക്കളുടെ സഹായത്തിനായി ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ച് പരാതികൾ വേഗത്തിൽ പരിഹരിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരത്ത് Complaint redressal system software വിന്യസിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | കുടിവെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ എന്ത് മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (ഡി) | കുടിശ്ശിക തീർപ്പാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അതോറിറ്റി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അദാലത്തുകൾ എന്നിവ |

ഉൾപ്പെടെ അനവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. തൽഫലമായി വാട്ടർ ചാർജ്ജ് ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക ഒരു അളവുവരെ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഇ) | കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലുള്ള കാല താമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | നിലവിലുള്ള നിയമ പ്രകാരം കേടായ മീറ്ററുകൾ മാറ്റിവയ്ക്കേണ്ടത് ഉപഭോക്താവിന്റെ ഉത്തര വാദിത്വമാണ്. ഇതു സംബന്ധിച്ച് ഉപഭോക്താവിന് യഥാസമയം നോട്ടീസ് നൽകുകയും മീറ്ററുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : * 537

22.07.2010 ൽ
മറുപടിക്ക്

**ഭീമമായ നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ഉണ്ണിയാടൻ :<br>പ്രൊഫ. എൻ. ജയരാജ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഭീമമായ നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് എത്രയുണ്ട് ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന 5 സ്ഥാപനങ്ങളാണ് കഴിഞ്ഞവർഷം നേരിയ നഷ്ടത്തിൽ പ്രവർത്തിച്ചത്.<br>1. The Cannannore Co-op.Spinning Mills Ltd<br>2. Keltron Electro Ceramics Ltd<br>3. The Quilon Co-operative Spinning Mills Ltd<br>4. Sitaram Textiles Ltd<br>5. The Malappuram Co-operative Spinning Mills Ltd. |
| (ബി) ഇവയുടെ പ്രവർത്തനം പുനരവലോകനം ചെയ്തിട്ടുണ്ടോ ; | (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന വ്യവസായ വകുപ്പുമന്ത്രിയുടെയും സെക്രട്ടറിമാരുടെയും നേതൃത്വത്തിൽ എല്ലാ മാസവും നടന്നു വരുന്നു. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ മുൻമാസം കൈവരിച്ച ഉൽപാദന ക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ച 5 പൊതുമേഖലാ സ്ഥാപനങ്ങളിൽ 4 എണ്ണം Textile മേഖലയിലുള്ളവയാണ്. അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മാസംതോറുമുള്ള അവലോകനം കൂടാതെ കമ്പനികളിൽ നിന്നും ലഭിക്കുന്ന Weekly Report ന്റെ അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള പ്രവർത്തനം റിയാബ് മുഖേന monitor ചെയ്യുന്നു.<br>ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു. ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു. |

(സി) & (ഡി)

(സി) ഇവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉണ്ട്.

Keltron Electro Ceramics Ltd - Transducer നിർമ്മാണത്തിനു വേണ്ടി 57 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കികഴിഞ്ഞു. ഇതിന്റെ തുടർച്ചയായി 47 ലക്ഷം രൂപയുടെ നവീകരണ പദ്ധതിയും നടപ്പിലാക്കി വരുന്നു.

Malappuram Co-operative Spinning Mills Ltd ൽ 13.40 കോടി രൂപയുടെ NCDC project ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സർക്കാർ 2009-10 സാമ്പത്തിക വർഷത്തിൽ 1.50 കോടി രൂപ equity contribution ആയി TEXFED- ന് നൽകിയിട്ടുണ്ട്. 4.26 കോടി രൂപ 2010-11 ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2.52 കോടി രൂപ സർക്കാരിന്റെ balance equity യും 1.74 കോടി രൂപ Members equity യും ആണ്. Cannanore Co-operative Spinning Mills Ltd ൽ 13 കോടി രൂപയുടെ NCDC project ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയ്ക്കായി സർക്കാർ 2009-10 സാമ്പത്തിക വർഷത്തിൽ 1.50 കോടി രൂപ equity contribution ആയി TEXFED- ന് നൽകിയിട്ടുണ്ട്. 4.10 കോടി രൂപ 2010-11 ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2.40 കോടി രൂപ സർക്കാരിന്റെ balance equity യും 1.70 കോടി രൂപ Members equity- യും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. NCDC-യിൽ നിന്നും Term Loan ലഭിക്കുന്നതിനു മില്ലിന്റെ Net Worth positive ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

Quilon Co-operative Spinning Mills Ltd ൽ 44.38 കോടി രൂപയുടെ NCDCയുടെ സഹായത്തോടെയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

KSTC യുടെ അധീനതയിൽ STL ഉൾപ്പെടെയുള്ള യൂണിറ്റുകളുടെയും TEXFED-ന്റെ കീഴിലുള്ള മില്ലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി മേന്മയേറിയതും നൂതനവും ഗുണനിലവാരമുള്ളതുമായ നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് പരുത്തി ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിന്റെ corpus fund- ലൂടെ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 538 - 22.07.2010-ൽ മറുപടിക്ക്**

## നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൈസിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി. കാർത്തികേയൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, പി.സി. വിഷ്ണുനാഥ്** | **ശ്രീ. എം. വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി.)** |
| (എ) നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ രംഗങ്ങളിൽ ഡിജിറ്റൈസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന രംഗങ്ങളിലാണ് ഡിജിറ്റൈസേഷൻ നടപ്പിലാക്കിയിട്ടുള്ളത്.<br><br>1. നിയമവകുപ്പിന്റെ നവീകരണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഫയൽ ഫ്ളോ സംവിധാനമായ 'Law Information Management System' ത്തിലെ 'Knowledge Bank'ൽ കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും, ചട്ടങ്ങളും വിജ്ഞാപനങ്ങളും വിധിന്യായങ്ങളുമെല്ലാം ഡിജിറ്റൈസ് ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ കീഴിൽ ഇതുവരെ 7 ലക്ഷത്തിൽ പരം പേജുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.<br><br>2. 2007-ൽ 'Digitization of Rare Law Books'എന്ന പദ്ധതിയുടെ കീഴിൽ നിയമവകുപ്പ് ലൈബ്രറിയിൽ ഉണ്ടായിരുന്ന തിരുവിതാംകൂർ-കൊച്ചി മാനുവൽ, തിരു-കൊച്ചി നിയമങ്ങൾ, വിളംബരങ്ങൾ തുടങ്ങിയവയടക്കമുള്ള പുസ്തകങ്ങളുടെ അപൂർവ്വശേഖരം കാലപ്പഴക്കത്താൽ നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിനായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുകയുണ്ടായി. 200868 പേജുകൾ ഇങ്ങനെ ഡിജിറ്റൽ ലൈബ്രറിയിൽ ഉൾപ്പെടുത്തുകയുണ്ടായി. |

3. സംസ്ഥാനത്ത് നിലവിലുള്ളതും പുതുതായി നിർമ്മിക്കപ്പെടുന്നതുമായ ആക്റ്റുകളും ചട്ടങ്ങളും നിയമവകുപ്പിന്റെ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്ന പദ്ധതിയായ ലാപോർട്ടലിന്റെ കീഴിൽ ഏകദേശം ആയിരത്തോളം നിയമങ്ങൾ ഡിജിറ്റൈസ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഓർഡിനൻസുകളും ഗവൺമെന്റ് ഉത്തരവുകളും പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിവിധ ഹൈക്കോടതികളുടേയും സുപ്രീം കോടതിയുടേയും വിധിന്യായങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ;

ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനത്തിലെ 'Knowledge Bank'-ൻ കീഴിൽ വിവിധ ഹൈക്കോടതികളുടേയും സുപ്രീം കോടതിയുടേയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള 2009 വരെയുള്ള എല്ലാ വിധിന്യായങ്ങളും ഡിജിറ്റൈസ് ചെയ്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളുമെല്ലാം ഡിജിറ്റൈസ് ചെയ്യുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട ഒരു വൻശേഖരം തന്നെയുള്ളതിനാൽ മുൻഗണനാ ക്രമത്തിലാണ് ഇവയുടെ ഡിജിറ്റൈസേഷൻ നടക്കുന്നത്.

(സി) കേന്ദ്ര നിയമങ്ങൾ, സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങി എല്ലാ നിയമരേഖകളും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

കേന്ദ്ര നിയമങ്ങൾ, സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങി എല്ലാ നിയമരേഖകളും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷം ഇത്തരത്തിൽ ഏതൊക്കെ നിയമങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്?

നടപ്പുവർഷം നിലവിൽ വരുന്ന നിയമങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാം തന്നെ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

ഉത്തരവിൻ പ്രകാരം,

Bikunol Baby

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *539

22-07-2010-ൽ മറുപടിക്ക്

കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ :<br>,, കെ.കെ.ദിവാകരൻ :<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൺസോർഷ്യം ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനുണ്ടായിരുന്ന 307.03 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 57.85 കോടി രൂപ നൽകി തീർപ്പാക്കി. കെൽട്രോണിൽ 'സ്വയം വിരമിക്കൽ പദ്ധതി' നടപ്പാക്കാനായി KIRF Board-ൽ നിന്നും വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും വായ്പയെടുത്ത തുകയിൽ 5 കോടി രൂപ KIRF Board-ൽ തിരിച്ചടക്കുകയും ചെയ്തു. സർക്കാർ ലോണിന്റെ പലിശ 5 വർഷത്തേയ്ക്ക് മരവിപ്പിച്ചു. 11.8 കോടി രൂപ Share Pending allotment ആക്കി മാറ്റി. കെൽട്രോണിന്റെ കണ്ണൂരിലുള്ള നാല് യൂണിറ്റുകൾ ലയിപ്പിച്ച് ഒന്നാക്കി. കെൽട്രോണിനെ 5 വർഷത്തിനുള്ളിൽ 1000 കോടി രൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിന് ഒരു 'വിഷൻ പ്ലാൻ' തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്തി. വർഷങ്ങളായി നടപ്പാക്കാതിരുന്ന വേതനപരിഷ്ക്കരണം നടപ്പിലാക്കി. |

(ബി) ഈ സർക്കാർ വന്ന ശേഷം കെൽട്രോണിന്റെ ഉല്പാദനം എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ട്;

(ബി) കെൽട്രോണിന്റെ ഉല്പാദനം 2006-07-ലെ 65.21 കോടിയിൽ നിന്നും 2009-10-ൽ 93.63 കോടിയായി വർദ്ധിച്ചിട്ടുണ്ട്.

(സി) കെൽട്രോണിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കെൽട്രോണിന്റെ നവീകരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:-

1. ഇന്ത്യൻ നേവിക്ക് ആവശ്യമായ സോണാർ സിസ്റ്റംസ് നിർമ്മിക്കുന്നതിനായി NPOL-മായി ഉടമ്പടി ഒപ്പുവയ്ക്കുകയും ഇതിനായുള്ള അടിസ്ഥാന സൗകര്യം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കി വരുന്നു.
2. ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ SMT സംവിധാനം കെൽട്രോൺ മൂടാടിയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.
3. ISRO-യുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കെൽട്രോണും ISRO-യും ഒരു കരാറിൽ ഒപ്പിട്ടു. വരുംകാലങ്ങളിൽ കെൽട്രോണിന്റെ പങ്കാളിത്തം വർദ്ധിക്കുന്നതാണ്.
4. വളരെ തൊഴിൽ സാധ്യതകളുള്ള ഐ.ടി ട്രെയിനിംഗ് കോഴ്സുകൾ ആരംഭിക്കാൻ നവീന നോളജ് സെന്ററുകൾ തിരുവനന്തപുരത്തും കുറ്റിപ്പുറത്തും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു.

(ഡി) കെൽട്രോൺ പുതുതായി ഏതെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ഡി) 12 കോടി രൂപ മുതൽ മുടക്കിൽ ഒരു 'ടൂൾ റൂം സെന്റർ' കുറ്റിപ്പുറത്ത് കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനു സമീപം കെൽട്രോണിന്റെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഇ) കേന്ദ്ര സർക്കാരിന്റെ എത്ര കോടിരൂപയുടെ ഓർഡറുകൾ കെൽട്രോണിന് നേടാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ഇൻഡ്യൻ നേവിക്കുവേണ്ടി PBGM, EM LOG, ECHO SOUNDER, RTU എന്നിവ നിർമ്മിച്ചു നൽകുന്നതിന് 136.52 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (എഫ്) വിദേശരാജ്യങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എഫ്) ഇല്ല. |
| (ജി) കമ്പനിയുടെ ഇപ്പോഴത്തെ സാമ്പത്തികനില വ്യക്തമാക്കുമോ? | (ജി) കഴിഞ്ഞ മൂന്നുവർഷത്തെ കമ്പനിയുടെ ലാഭം ചുവടെ ചേർക്കുന്നു:-<br>2007-08: 5.16 കോടി രൂപ ലാഭം.<br>2008-09: 4.66 കോടി രൂപ നഷ്ടം.<br>2009-10: 11.02 കോടി രൂപ ലാഭം. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 540 — 22.07.2010 - ൽ മറുപടിയ്ക്ക്

## മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ ;<br>ശ്രീ.പി.സി.ജോർജ്ജ് ;<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി ;<br>ശ്രീ.തോമസ് ചാഴികാടൻ ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി എന്നാണ് നിലവിൽ വന്നത് ; ഈ പദ്ധതിയുടെ പ്രയോജനം ഏതെല്ലാം ജില്ലകൾക്ക് ലഭിക്കുന്നു ; വിശദാംശം നൽകുമോ ; | എ) 1974-ലാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി നിലവിൽ വന്നത്. എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകൾക്ക് പ്രയോജനം ലഭിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ കനാലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത് ; വ്യക്തമാക്കാമോ ; | ബി) 66.34 കിലോ മീറ്റർ നീളത്തിൽ ഇടതുവലതു പ്രധാന കനാലുകളും 57.154 കിലോമീറ്റർ നീളത്തിൽ ശാഖാ കനാലു കളും 246.692 കിലോ മീറ്റർ നീളത്തിൽ ഉപകനാലുകളും നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത്. |
| സി) ഇതിനോടകം എത്ര കിലോമീറ്റർ നീളത്തിൽ കനാലുകൾ നിർമ്മിച്ചു ; | സി) ഇടതുവലതുകര പ്രധാന കനാലുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 49.129 കിലോ മീറ്റർ നീളത്തിൽ ശാഖാ കനാലുകളും 175.07 കിലോ മീറ്റർ നീളത്തിൽ ഉപകനാലുകളും നിർമ്മിച്ചിട്ടുണ്ട്. |
| ഡി) ശേഷിക്കുന്ന ഭാഗം കനാലിന്റെ നിർമ്മാണം എന്നു പൂർത്തീകരിക്കാൻ കഴിയും ; ആയതിലേക്ക് വേണ്ടി വരുന്ന തുകയെത്രയാണ് ; | ഡി) 2011 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 96.42 കോടി രൂപ ആവശ്യമായി വരും. (2009 എസ്.ഒ.ആർ.പ്രകാരം) |
| ഇ) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര തുക നീക്കിവെച്ചു ; വിശദാംശങ്ങൾ നൽകുമോ ? | ഇ) 27 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.<br>എ.ഐ.ബി.പി.പ്രവൃത്തികൾ 19.047 കോടി രൂപ.<br>നോൺ എ.ഐ.ബി.പി.പ്രവർത്തികൾ 2.57 കോടി രൂപ<br>എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ 5.383 കോടി രൂപ. |

സെക്ഷൻ ഓഫീസർ